Vol. 23. No. 6.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

ആണ്ടടക്കം മുൻകൂർ) June 1925. (1 ബ്രി. രൂപാമാത്രം

# വിഷയവിവരണിക.


| | | |
|---|---|---|
| | | പേജ്. |
| 1. | തിരുഹൃദയകീർത്തനം. ശ്രീമതി മേരി ജോൺ തോട്ടം. | 117 |
| 2. | പ്രസാധകക്കുറിപ്പുകൾ. | ,, |
| 3. | പരിശുദ്ധ ത്രിത്വം. റൈററ് റവ. മോൺസിഞ്ഞോർ പുതുശ്ശേരി. | 119 |
| 4. | വേദപുസ്തക പാരായണം<br>വെറി. റവ. ഫാദർ അലക്സാണ്ടർ സി. ഡി | 121 |
| 5. | വിശുദ്ധ കൊച്ചുത്രേസ്യാ. റവ. ഫാദർ മാത്യു പുതിയിടം. | 122 |
| 6. | ക്രിസ്തോപദേശശതകം. (പദ്യം) പി. ജെ. | 125 |
| 7. | വേദപാരഗനായ മാർ അപ്രേം.<br>വെറി റവ. ഫാദർ ഗബ്രിയേൽ സി. ഡി. | 126 |
| 8. | പിശാചിൻെറ സന്ദേശം<br>ശ്രീമാൻ തോമ്മസ് വള്ളവന്തറ, കൈനകരി. | 128 |
| 9. | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. | 130 |
| 10. | തിരുഹൃദയ പൊതുനിയോഗം. | 132 |
| 11. | വർത്തമാനസംഗ്രഹം. | 133 |
| 12. | മനോജ്ഞവിവരങ്ങൾ. | 135 |
| 13. | ചരമവാർത്തകൾ. | 135 |
| 14. | പഞ്ചാംഗം, പരസ്യം. | 136 |


## കർമ്മലകുസുമം— മണിയോർഡർ പദ്ധതി സമ്മാനങ്ങൾ.

കഴിഞ്ഞമാസം 30-ാംനു- നറുക്കെടുത്തതിൽ സമ്മാനാർഹന്മാരായവരുടെ മേൽവിലാസത്തിൻെറ രജിസ്റ്റർ നമ്പരുകൾ താഴെചേർക്കുന്നു ; സമ്മാനം കിട്ടിയിട്ടുള്ള തുകകൾ, അവരവരുടെ വരിപ്പണത്തോടു ചേർത്തു കണക്കിൽ വച്ചിട്ടുണ്ടെന്നുള്ള വിവരവും മാന്യവരിക്കാരെ അറിയിച്ചുകൊള്ളുന്നു.

1. കുടിശ്ശികക്കാർക്ക് (൫ രൂ. വീതം) 2356, 4793, 2074, 4235, 2175, 1310, 1512, 737, 2674, 1330,

2. തന്നാണ്ടുവരിപ്പണം (൩ രൂ. വീതം) 292, 849, 2901, 1001, 585, 63, 4718, 420, 4040, 5166,


3. പുതിയ വരിക്കാർക്കുള്ള സമ്മാനങ്ങൾ കുസുമമത്സരം മെഡൽ വകയ്ക്കു നീക്കിവച്ചിരിക്കുന്നു.

## കുസുമ മത്സരം.

ജൂലൈ 16-ാംനു- കൊണ്ടവസാനിക്കും.

മേയ് 27-ാംനു- വരേയുള്ള കണക്കു താഴെചേർക്കുന്നു.

(1) കുറവിലങ്ങാട്. 33. (2) പുത്തൻതോപ്പ്. 28. (3) ചങ്ങനാശ്ശേരി 16. (4) കോയിൽവിള, കൊച്ചി. 14. (5) കൊല്ലം. 13. (6) കൃത്താട്ടുകുളം. 12. (7) ചേർത്തല. 10. (8) മണിമല, ആലപ്പുഴ. 9 (9) കോതമംഗലം, കല്ലേറുംകര. 8. (10) സിലോൺ. 7.



ഈശോയുടെ ദിവ്യ ഹൃദയമേ, ഞങ്ങളുടെ
മേൽ അലിവായിരിക്കണമെ.

(൩൦ം ദിവസത്തെ ദ: വി:)

St. Joseph's Press, Mannanam. 1925

കർമ്മല കുസുമം.

പുസ്തകം ൨൩ } ൧൯൨൬ ജൂൺ { ലക്കം ൯.

## തിരുഹൃദയ കീർത്തനം.

(വരിക ഗുഹകദംശായേ, എന്ന മട്ട്)

സേവകന്റെ കുന്തമേററ സ്ഥാനമേ! നമോ!
ദിവ്യ ദാനമേ! നമോ! 1
ലോകരക്ഷയ്ക്കായ് തുറന്നവാതിലേ! നമോ!
സ്നേഹക്കാതലേ! നമോ! 2
പാപശാന്തിനൽകും തീർത്ഥവാരിയേ! നമോ!
കൃപാമാരിയേ! നമോ! 3
സർവ്വനന്മയുംനിറഞ്ഞ കോശമേ! നമോ!
പാപനാശമേ! നമോ! 4
മാഹിതക്രമോദമേകും ചോലയേ! നമോ!
സ്നേഹജ്വാലയേ! നമോ! 5
ക്ഷാമമേശിടാത്ത ഭണ്ഡാഗാരമേ! നമോ!
വേദസാരമേ! നമോ! 6
വൈരികൾ കടന്നിടാത്തകോട്ടയേ! നമോ!
പുണ്യചേഷ്ടയേ! നമോ! 7
സർവ്വശാന്തിയും നിറഞ്ഞഗേഹമേ! നമോ!
സ്നേഹദാഹമേ! നമോ! 8
"നീയെനിക്കുസർവ്വ"മെന്നസത്യവാചകം
എന്റെ നിത്യവാചകം. 9

മേരിജോൺതോട്ടം.

## പ്രസാധകക്കുറിപ്പുകൾ.

### തിരുഹൃദയ വണക്കം.

തിരുഹൃദയ ഭക്തിയുടെ അന്തരാർത്ഥം ഒററവാക്കായി പറയുന്നതായാൽ സ്നേഹമാകുന്നു. "ലോകത്തിൽതീയെരിയിക്കുന്നതിനായി ഞാൻവന്നു; അതു പടർന്നു ജ്വലിക്കണമെന്നല്ലാതെ മറെറാന്നും ഞാനാഗ്രഹിക്കുന്നില്ല." എന്നത്രെ നമ്മുടെദിവ്യരക്ഷകൻവി. ലൂക്കായുടെസുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്നതു് "ഇതാ മാനുഷരേ അറുതിയില്ലാത്ത വിധമായി സ്നേഹിക്കുന്നഹൃദയം. എന്നാൽ മാനുഷർ പ്രതിസ്നേഹം കാണിക്കുന്നില്ല" എന്ന് ദിവ്യരക്ഷകൻ മറിയം മർഗ്ഗരീത്താ അൽക്കോക്കപുണ്യവതിയോടു വിലപിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഈവിധ നന്ദിഹീനതയേ പരിഹരിക്കുന്നതിലേക്കു ഒരു അന്തിമ മാർഗ്ഗമെന്നപോലെയാകുന്നു ദിവ്യരക്ഷകൻ തന്റെ തിരുഹൃദയഭക്തിയേ ലോകത്തിനു് വെളിപ്പെടുത്തിയിരിക്കുന്നതു്. അകയാൽ മ്ശിഹായുടെ തിരുരക്തത്താൽ രക്ഷിയ്ക്കപ്പെടുകയും, തന്റെ ദിവ്യശരീരത്താൽ പോഷിപ്പിക്കപ്പെടുകയും, തന്റെ ദിവ്യനന്മകളാൽ പരിപാലിയ്ക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തീയ ആത്മാവേ! ഇനിയും സ്നേഹത്തിനു് പ്രതിസ്നേഹം കാട്ടാതെ കർത്താവിന്റെ തിരു

ഹൃദയത്തെ പീഡിപ്പിക്കുന്നതിനാണോ നീ നിശ്ചയിച്ചിരിക്കുന്നതു? ഹാ! തന്റെ കരുണനിറഞ്ഞ ക്ഷണങ്ങളേ സ്വീകരിച്ചുകൊണ്ടു് ഈ മാസത്തിലെങ്കിലും നിന്റെ നന്ദികേടുകളേ പരിഹരിക്കുന്നതിനും, സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുന്നതിനും ശ്രമിച്ചുകൊൾക.

### നമ്മുടെ സമ്മേളനങ്ങൾ.

കേരളീയ വിദ്യാർത്ഥി സംഘത്തിന്റെ ഇക്കൊല്ലത്തെ വാർഷിക സമ്മേളനം തൃശ്ശൂർവച്ചും, മഹാജനസഭ തത്തമ്പള്ളിൽ വച്ചും ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നതിൽ ഭാരവാഹികളെ ഞങ്ങൾ അനുമോദിച്ചുകൊള്ളുന്നു. പ്രതിനിമിഷം എന്നപോലെ ലോകഗതി എത്രയും വ്യത്യാസപ്പെട്ടുകൊണ്ടാണിരിക്കുന്നതെന്നു കേരളീയ കത്തോലിക്കരോടു പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സമ്മേളനങ്ങളും പൊതുജനസംഘങ്ങളും വഴിയായിട്ടാണു് ഇക്കാലത്തെ ജീവിതമത്സരത്തിൽ സമുദായങ്ങൾ മുന്നണിയിലേയ്ക്കു കടക്കേണ്ടതു്. ആ സ്ഥിതിയ്ക്കു നമ്മുടെ ഈ രണ്ടു സ്ഥാപനങ്ങളേയും യഥാവിധി പരിപോഷിപ്പിച്ചുകൊണ്ടു പോകുന്നതിൽ നമുക്കുള്ള ചുമതല എത്ര ഗൌരവാവഹമാണെന്നു സ്പഷ്ടമാകുന്നുണ്ടു്. ഈ വിഷയത്തിലുള്ള നമ്മുടെ അലസതയെപ്പററി കാലാന്തരത്തിൽ നാം മനസ്താപപ്പെടേണ്ടതായിട്ടുതന്നെ വരും. മഹാജനസഭ ഇക്കൊല്ലം കൂടുതൽ ജീവചൈതന്യം പ്രദർശിപ്പിച്ചുകാണുന്നതിൽ സന്തോഷിക്കുന്നു. സ്ത്രീജനസമ്മേളനം പ്രതീക്ഷയെ കവിഞ്ഞു വിജയകരമായി പരിണമിച്ചതായിട്ടാണറിയുന്നതു്. നിശ്ചയങ്ങളെ പ്രവൃത്തി പഥത്തിലേക്കു കൊണ്ടുവരുന്നതിന്നു ഇക്കൊല്ലമെങ്കിലും ഭാരവാഹികൾ സ്ഥിരപരിശ്രമം ചെയ്യുകാ ണ്മാൻ ആഗ്രഹിക്കുന്നു.

### നിയമസഭാതിരഞ്ഞെടുപ്പു്.

തിരുവിതാംകൂർ നിയമസഭാ തെരഞ്ഞെടുപ്പു ഇടവം ൧-ഠ ൩-ഠ തീയതികളിലായി നടന്നിരിക്കുന്നു. കത്തോലിക്കരായി ശ്രീമാന്മാരായ ജോസഫ് നടുവത്തുശേരി ബി. ഏ. ബി. എൽ., വയ്യൂരു കുഞ്ഞിത്തൊമ്മൻ, ആനാപ്പറമ്പിൽ ജോൺ ബി. ഏ. ബി. എൽ., ടി. ജെ. മാത്യു ബി. ഏ. ബി. എൽ., മീനാട്ടൂർ ജോസഫ് എം. ഏ. ബി. എൽ. എന്നിവർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു. വടക്കൻ കച്ചവടനിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിൽ ഏതോ പിശകു സംഭവിച്ചതുകൊണ്ടു് ഫലം വെളിക്കായിട്ടില്ല. ആ മണ്ഡലത്തിൽ ഒരു കത്തോലിക്കനായി ശ്രീമാൻ സി. എം. ജോസപ്പും ഒരു സ്ഥാനാർത്ഥിയാണു്.

---

## വി. അന്തോനീസിന്റെ നവനാൾ.

എല്ലാ മാസത്തിന്റെയും ൫-ാംനു ആരംഭിച്ചു് ൧൩-ാംനു അവസാനിക്കുന്നതാണു്. ഈ നവനാൾ ജപത്തോടു് യോജിക്കുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ആവശ്യങ്ങൾ രേഖപ്പെടുത്തി താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണു്. നവനാൾ ആരംഭത്തിൽ ഇങ്ങനെ അയക്കുന്ന എഴുത്തുകൾ എല്ലാം വി. അന്തോനീസിന്റെ പീഠത്തിൻ മുമ്പാകെ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ വച്ചുകൊണ്ടു് അപേക്ഷ നടത്തുന്നതും അവസാനദിവസം തുറന്നു നോക്കാതെ നശിപ്പിച്ചു കളയുന്നതുമാണു്.

മേൽവിലാസം.

വി. അന്തോനീസിന്റെ നവനാൾ പീഠത്തിലേക്ക്,

വേദപ്രചാര ഡയറക്ടർ,

കത്തോലിക്കാ മിഷ്യൻപള്ളി, പുത്തുപ്പള്ളി, കോട്ടയം.

# പരിശുദ്ധ ത്രിത്വം.

ദൈവം ഒന്നേയുള്ളുവെങ്കിലും ദൈവത്തിൽ പിതാവ്, പുത്രൻ, റൂഹാദക്കുദാശാ എന്നിങ്ങനെ മൂന്നാളുകളുണ്ട്. ഇതു പൂർണ്ണമായി ഗ്രഹിക്കുന്നതിന് നമ്മുടെ അല്പബുദ്ധി അശക്തമാകയാൽ ഈ സത്യത്തെ പരിശുദ്ധ ത്രിത്വത്തിന്റെ പരമ രഹസ്യമെന്നുകൂടി നാം അഭിധാനം ചെയ്യുന്നു. നമ്മുടെ ബുദ്ധിയിൽ അടങ്ങാത്തതായി ഇങ്ങിനെ ഒരു രഹസ്യം ദൈവത്തിൽ ഉള്ളതിനെപ്പററി നാം അശേഷം അത്ഭുതപ്പെടുവാനില്ല. പ്രകൃതിയിൽക്കൂടി നമുക്കു ഗ്രാഹ്യങ്ങളല്ലാത്ത അനവധിക്കൂട്ടങ്ങളുണ്ട്. എങ്കിലും അവയെ നമുക്കു നിഷേധിച്ചുകൂടാ. ഒരു വിത്തു് അനേക ഫലങ്ങളെ തരുന്നു. ഒരു തായിത്തണ്ടിന്മേൽ വളരെ കൊമ്പുകളും ഇലകളും കായ്കളും ഉണ്ടാകുന്നു. ഇത്യാദി ഒട്ടേനകം സംഗതികൾ മേല്പറഞ്ഞതിന് ദൃഷ്ടാന്തങ്ങളാണെങ്കിലും അവയെ പൂർണ്ണമായി നാം ഗ്രഹിക്കുന്നില്ല. എങ്കിലും അവ സംഭവ്യങ്ങളാണ്. ആകയാൽ നാം ഗ്രഹിക്കാത്തതായി ഇങ്ങിനെ ഒരു പരമരഹസ്യം ദൈവത്തിലുണ്ടാകാം.

നമുക്ക് അഗ്രാഹ്യമായ ഈ രഹസ്യം സ്വഭാവന്യായത്തിന് വിരോധമാണെന്നും സങ്കല്പിക്കപ്പെടാവുന്നതല്ല. എന്തുകൊണ്ടെന്നാൽ മൂന്നു ദൈവങ്ങൾ കൂടീട്ടു ഒരു ദൈവമാകുന്നു എന്നു നാം പറയുന്നില്ല. പിന്നെയോ മൂന്നാളുകൾകൂടി ഒരു ദൈവമാകുന്നു എന്നേ പറയുന്നുള്ളു. കൂടാതെ ഈ മൂന്നു ദൈവാളുകൾക്കും നമുക്കുള്ളതുപോലെ ആത്മാവും ശരീരവും ഉണ്ടെന്നു വാദിക്കാതെ അവർ കേവലം അരൂപികളാണെന്നു നാം സമ്മതിക്കയും ചെയ്യുന്നു.

എന്നാൽ നാം ഗ്രഹിക്കാത്തതായി ചില രഹസ്യങ്ങൾ ദൈവത്തിൽ ഉണ്ടാകാമെന്ന് മാത്രമല്ല പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തിൽ സ്വഭാവന്യായത്തിന് പ്രതികൂലമായി നാമൊന്നും കാണുന്നില്ലാ എന്നുള്ള അറിവുതന്നെ വലിയ ഒരു ജ്ഞാനമാണ്. പക്ഷെ വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടുവാനോ വഹിയാത്ത ദൈവം ഈ രഹസ്യം സത്യമാണെന്നു വെളിപ്പെടുത്തിക്കഴിഞ്ഞാൽ നാം അതു വിശ്വസിച്ചേ മതിയാകൂ. എന്തുകൊണ്ടെന്നാൽ ഒരു ഗ്രഹശാസ്ത്രി കുട്ടികളോടു സൂര്യൻ ഭൂമിയേക്കാൾ പതിന്നാലുലക്ഷം മടങ്ങു വലിപ്പമുള്ളതാണെന്നും അവ തമ്മിൽ മുന്നൂററിനാല്പതുകോടി നാഴിക അകലമുണ്ടെന്നും പറഞ്ഞുകൊടുക്കുമ്പോൾ അവർക്കതു് അത്ഭുതമായി തോന്നിയാലും ഗുരുനാഥനിലുള്ള വിശ്വാസംകൊണ്ട് അവരതു സ്വീകരിക്കുന്നു. ദൈവത്തിന്റെ സ്വഭാവം സംബന്ധിച്ചുള്ള കാര്യഗ്രഹത്തിൽ നാമേവരും കേവലം കുട്ടികൾമാത്രമേ ആയിരിക്കുന്നൊള്ളു. അതുകൊണ്ട് ദൈവം വെളിപ്പെടുത്തുന്നവ നമുക്കു മനസ്സിലാകുന്നില്ലെങ്കിലും നാം വിശ്വസിക്കണം. നമ്മുടെ ബുദ്ധിയെ ആവരണംചെയ്യുന്ന കാർമേഘം ഒരിക്കൽ നീങ്ങുമ്പോൾ തൽക്കാലം അഗ്രാഹ്യമായിരിക്കുന്ന ദൈവരഹസ്യങ്ങൾ യഥാർത്ഥസ്ഥിതിയിൽ നമുക്കു മനസ്സിലാക്കാം. എന്നല്ലാതെ ഇപ്പോൾ "പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ പരിശോധിക്കുന്നതു സാഹസമാണ്. എന്നാൽ വിശ്വാസത്താലെ അതു സ്വീകരിക്കുന്നതു ഭക്തിയുടെ ഫലമാകുന്നു. പരത്തിൽ അതിനെ ധ്യാനിക്കുന്നതു ഒരു ഉൽകൃഷ്ടഭാഗ്യവുമത്രെ. എന്നു വിശുദ്ധ ആഗസ്തീനോസ് സാക്ഷിപ്പെടുത്തിയിട്ടുണ്ട്.

പരിശുദ്ധ ത്രിത്വത്തിന്റെ പരമ രഹസ്യത്തെ ക്രിസ്ത്വാബ്ദം നാലാംനൂററാണ്ടുമുതല്ക്കു് ചിലർ നിഷേധിക്കുവാൻ തുടങ്ങിയിട്ടുണ്ട്. അതിൽ അഗ്രഗണ്യൻ നാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന ആരിയൂസ് എന്നു പേരായ പാഷണ്ഡമതസ്ഥനാകുന്നു. ഇയാൾ നിത്യവചനം ഒരു അത്യുൽകൃഷ്ടസൃഷ്ടി മാത്രമാണെന്നും പിതാവിന്നു് സമസ്വഭാവിയല്ലെന്നും വാദിക്കയുണ്ടായി. ഈ അബദ്ധപഠനത്തെ തിരുസഭ 325-ാം കാലത്തിൽ നിക്യാ

സൂനഹദോസിൽവച്ചു ശപിച്ചു. അടുത്ത കാലത്തിൽ മക്ക്ചെടൊനിയൂസ് എന്നൊരുവൻ പരിശുദ്ധാത്മാവ് ഒരു സൃഷ്ടിയാണെന്നു പഠിപ്പിച്ചിരുന്നു. ഈ തെററായ പഠനത്തേയും തിരുസഭ ശപിക്കയാണുണ്ടായത്. അത് 381-ാം കാലത്തിൽ കോൺസ്റ്റന്തിനോപ്പിളിൽ നടത്തിയ സൂനഹദോസിൽ വച്ചായിരുന്നു.

ഇങ്ങനെ പരിശുദ്ധ ത്രിത്വത്തിൻെറ രഹസ്യത്തെ നിഷേധിക്കുന്നവരെ ശപിക്കുവാൻ തിരുസഭയ്ക്കു മതിയായ കാരണങ്ങളുണ്ടായിരുന്നു. ദൈവത്തിൽ ഒന്നിലധികം ആളുകളുണ്ടെന്ന് പഴയനിയമത്തിൽ തന്നെ അറിയപ്പെട്ട ഒരു സംഗതിയാണ്. "നമ്മുടെ രൂപത്തിലും ഭാവത്തിലും മനുഷ്യനെ നമുക്കുണ്ടാക്കുക" എന്നു ദൈവം അരുളിച്ചെയ്തതായി വേദപുസ്തകത്തിൽ കാണുന്നുണ്ടല്ലോ. ആകയാൽ "നമ്മുടെ" എന്ന പദം ദൈവത്തിൽ ഒന്നിലധികം ആളുകളുണ്ടെന്നു കാണിക്കുന്നു. "കർത്താവായ ദൈവവും അയാളുടെ ആത്മാവും എന്നെ അയച്ചു." എന്ന മ്ശിഹായുടെ വാക്യമായി ഏശയ്യായുടെ ദീർഘദർശനം 48. 16-ൽ വായിക്കപ്പെടുന്നുമുണ്ട്.

പുതിയ നിയമത്തിൽ ത്രിത്വത്തിൻെറ രഹസ്യം അത്യധികം പ്രത്യക്ഷമായി. ദൈവം തന്നെയാണിതു വെളിപ്പെടുത്തിയതു. ദിവ്യരക്ഷകനായ ഈശോ മ്ശിഹായുടെ ജ്ഞാനസ്നാനത്തിൽ അയാളെത്തൻെറ വാത്സല്യപുത്രനെന്ന് പ്രഖ്യാപനം ചെയ്യുന്ന പിതാവിൻെറ സ്വരം കേൾക്കപ്പെടുകയും, പരിശുദ്ധാത്മാവ് മാടപ്രാവിൻെറ രൂപത്തിൽ അയാളുടെ മേൽ ഇറങ്ങുകയും ചെയ്തു. ഇങ്ങനെ ത്രിത്വത്തിലെ മൂന്നു ദൈവാളുകൾ അവിടെ പ്രത്യക്ഷപ്പെട്ടു. മ്ശിഹാതന്നെ ഈ രഹസ്യത്തെ തെളിവായി പ്രസ്താപിച്ചിട്ടുണ്ട്. "നിങ്ങൾ പോയി എല്ലാജാതിക്കാരേയും പഠിപ്പിച്ചു പിതാവിൻേറയും പുത്രൻേറയും റൂഹാദ്ക്കുദശായുടേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ" എന്നത്രെ അവിടന്നു ശ്ലീഹന്മാരോടു ആജ്ഞാപിച്ചു വിട്ടതു. കൂടാതെ ഈ വാക്യത്താൽ മൂന്നു ദൈവാളുകളേയും സമന്മാരായി ദിവ്യരക്ഷകനെണ്ണിയിരിക്കുന്നു. ഇതിനെ താങ്ങുതായ വി. യോഹന്നാൻെറ വേറൊരു വാക്യമുള്ളതു് "സ്വർഗ്ഗത്തിൽ സാക്ഷ്യംനൽകുന്നവരായി മൂന്നുപേരുണ്ട്. പിതാവും വചനവും പരിശുദ്ധാത്മാവും. ഇവർ മൂവരും ഒന്നാകുന്നു" (1 യോഹ. 57) എന്നത്രേ. മാത്രമല്ല ജ്ഞാനസ്നാനത്തിൻെറ കാതലായ മൊഴികളും പരിശുദ്ധ ത്രിത്വത്തോടുള്ള വണക്കവും പാരമ്പര്യമായി തിരുസഭയിൽ ത്രിത്വത്തെക്കുറിച്ചുണ്ടായിരുന്ന വിശ്വാസത്തെ ധാരാളം വിശദമാക്കാതിരിക്കുന്നില്ല.

പരിശുദ്ധ ത്രിത്വത്തിൻെറ രഹസ്യംപോലെ നമ്മുടെ വിശ്വാസത്തെ അത്യധികം അർഹിക്കുന്നതായി വേദത്തിൽ വേറൊരു വിശ്വാസരഹസ്യമില്ലെന്നു പറയണം. എന്തെന്നാൽ ഈ വിശ്വാസം കൂടാതിരിക്കുന്നപക്ഷം പുത്രനാൽ മാനുഷ പരിത്രാണം ഉണ്ടായതെങ്ങിനെ എന്നു നമുക്കു മനസ്സിലാകുകയില്ല. ആകയാൽ നമ്മുടെ സത്യ മതത്തിൻെറ അടിസ്ഥാനമായിരിക്കുന്നതു് പരിശുദ്ധ ത്രിത്വത്തിൻെറ പരമരഹസ്യമാകുന്നു. തന്മൂലം അതിലുള്ള പൂർണ്ണവിശ്വാസത്തെ നാം ധാരാളം പ്രത്യക്ഷപ്പെടുത്തുന്നുമുണ്ട്. എങ്ങനെ എന്നാൽ വിശ്വാസപ്രമാണത്തിൽ ഈ രഹസ്യത്തെ നാം സ്വീകരിക്കുന്നു. തിരുസഭാ പ്രവേശനമായ ജ്ഞാനസ്നാനം ഈ മൂന്നു ദൈവാളുകളുടെയും നാമത്തിലാണ് നൽകപ്പെടുന്നതു്. അങ്ങിനെതന്നെ മററു കൂദാശകളും പരിശുദ്ധ ത്രിത്വത്തിൻെറ നാമത്തിൽ കൊടുക്കപ്പെടുന്നു. നമ്മുടെ നമസ്കാരങ്ങളൊക്കെയും ത്രിത്വത്തിൻെറ നാമോച്ചാരണത്തോടുകൂടിയെ ആരംഭിക്കയും അവസാനിക്കയും ചെയ്യുന്നുള്ളു. പള്ളിയിലെ തിരുകർമ്മങ്ങളിലും ആശീർവ്വാദങ്ങളിലും ബാവാ, പുത്രൻ, റൂഹാദക്കുദശാ എന്നിവരുടെ നാമത്തിൽ ചെയ്യപ്പെടുന്ന സ്ലീവായുടെ അടയാളങ്ങൾ എത്രയാണെന്നു കണക്കില്ല. കൂടാതെ പരിശുദ്ധ ത്രിത്വത്തിൻെറ തിരുനാളും നാം ഘോഷിച്ചുവരുന്നു. ഇവയൊക്കെയും നാം ആചരിക്കുന്നതു് ഈ രഹസ്യത്തിൻെറ സർവ്വ പ്രാധാന്യം മൂലമാണെന്നുള്ളതിനു സംശയമില്ല. ആകയാൽ നാം കൂടക്കൂടെ ത്രി

തപസ്തുതി ചൊല്ലിക്കൊണ്ടു നമ്മുടെ ഈ വിശ്വാസത്തെ സദാ പ്രത്യക്ഷപ്പെടുത്തുകയും ഏതു നന്മയോ തിന്മയോ നേരിട്ടാലും അപ്പോഴൊക്കെ ഈ നാമം ഭക്ത്യാദരപൂർവ്വം ഉച്ചരിക്കയും ചെയ്യണം.

മോൺസിഞ്ഞോർ ആൻറനി പുതുശ്ശേരി.

## വേദപുസ്തകപാരായണം.

നമ്മുടെ കർത്താവിൻെറ പ്രിയപ്പെട്ട ശിഷ്യനായ വിശുദ്ധ യോഹന്നാൻ ഏവൻഗെലീസ്താ ദൈവസ്നേഹത്തെയും സഹോദരസ്നേഹത്തേയും കുറിച്ച് ഉത്തമമായ ഒരുപദേശം തൻെറ ഒന്നാം ലേഖനം ൪-ാം അദ്ധ്യായത്തിൽ എഴുതിവച്ചിട്ടുണ്ടു. ഭക്തിയുള്ള ആത്മാക്കൾക്ക് ഈ ഉപദേശം എത്രയും മാധുര്യമുള്ളതും അത്യന്തം ആശ്വാസജനകവുമാകുന്നു. എന്തുകൊണ്ടെന്നാൽ പൂർണ്ണമായ സ്നേഹത്താൽ ഭയവും കലക്കവും ഇല്ലെന്നും, ഒടുക്കത്തെ വിധി ദിവസത്തിൽ നമുക്ക് നല്ല ധൈര്യം ഉണ്ടാകത്തക്കവണ്ണം നമ്മുടെ കർത്താവ് ഈലോകത്തിൽ ജീവിച്ചിരുന്നതുപോലെ തന്നെ നാമും ഇപ്പോൾ ഈ ലോകത്തിൽ ജീവിക്കണമെന്നും പഠിപ്പിക്കുന്നു. "എൻെറ പിതാവിൻെറ പ്രമാണങ്ങളെ ഞാൻ കാത്തുകൊണ്ട് എൻെറ പിതാവിൻെറ സ്നേഹത്തിൽ ഞാൻ നിലനിൽക്കുന്നതുപോലെ നിങ്ങൾ എൻെറ പ്രമാണങ്ങളെ കാക്കുമെങ്കിൽ നിങ്ങൾ എൻെറ സ്നേഹത്തിൽ നിലനിൽക്കും" (യോഹന്നാൻ ൧൫. ൧൦.) എന്ന് നമ്മുടെ കർത്താവ് സുവിശേഷത്തിൽ അരുളിച്ചെയ്തു. ഇതാ താൻ ഈ ലോകത്തിൽ ജീവിച്ചതുപോലെ നാമും ജീവിപ്പാനുള്ളവിധം നമുക്കു കാണിച്ചു തന്നിരിക്കുന്നു. ദൈവസ്നേഹവും സഹോദരസ്നേഹവും അടക്കിക്കൊള്ളുന്ന ഈ ജീവിതമുറയെക്കുറിച്ച് വിശുദ്ധ യോഹന്നാൻെറ വചനങ്ങളെതന്നെകേട്ടാലും:

"പ്രിയപ്പെട്ടവരേ! നാം തമ്മിൽ തമ്മിൽ സ്നേഹിക്കണം. സ്നേഹം ദൈവത്തിൽനിന്നാകുന്നു. സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു; ദൈവത്തെ അറികയും ചെയ്യുന്നു. ദൈവം സ്നേഹംതന്നെ ആയിരിക്കയാൽ സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. ദൈവം തൻെറ ഏകജാതനായ പുത്രനെ അയാളാൽ ജീവിക്കേണ്ടതിന്നുവേണ്ടി ലോകത്തിലേക്കു അയച്ചു എന്നുള്ളതിൽ ദൈവത്തിന്നു നമ്മുടെ നേരെയുള്ളസ്നേഹം പ്രത്യക്ഷപ്പെട്ടു. നാം ദൈവത്തെ സ്നേഹിച്ചു എന്നുള്ളതിൽ അല്ലാ പിന്നെയോ ദൈവം നമ്മെ സ്നേഹിക്കയും തൻെറ പുത്രനെ നമ്മുടെ പാപങ്ങൾക്കു പരിഹാരമായിട്ട് അയക്കയും ചെയ്തു എന്നുള്ളതിൽ സ്നേഹം അടങ്ങിയിരിക്കുന്നു. പ്രിയപ്പെട്ടവരേ! ദൈവം ഇപ്രകാരം നമ്മെസ്നേഹിച്ചു എങ്കിൽ നാമും തമ്മിൽ തമ്മിൽ സ്നേഹിപ്പാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. നാം തമ്മിൽ തമ്മിൽ സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. തൻെറ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു. നാം തന്നിൽ വസിക്കുന്നുവെന്നും താൻ നമ്മിൽ വസിക്കുന്നുവെന്നും താൻ തൻെറ അരൂപിയിൽ നിന്നു നമുക്കു തന്നിട്ടുള്ളതുകൊണ്ട് നാം അറിയുന്നു. പിതാവു പുത്രനെ ലോകരക്ഷിതാവായിട്ടു അയച്ചു എന്നു ഞങ്ങൾ കണ്ടു. ഞങ്ങൾ സാക്ഷ്യംവഹിക്കയും ചെയ്യുന്നു. യാതൊരുത്തൻ ഈശോ ദൈവപുത്രൻ ആകുന്നു എന്ന് അനുസരിച്ചുപറഞ്ഞാൽ ദൈവം അവനിൽ വസിക്കുന്നു; അവൻ ദൈവത്തിലും വസിക്കുന്നു. ദൈവത്തിന്നു നമ്മുടെ നേരേയുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൈവം സ്നേഹമാകുന്നു! സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. വിധിദിവസത്തിൽ മനോധൈര്യം നമുക്കു തോന്നണം എ

ന്നതിൽ തന്റെ (ദൈവത്തിന്റെ) സ്നേഹം നമ്മിൽ പൂൎണ്ണമാകുന്നു. എന്തുകൊണ്ടെന്നാൽ താൻ ഇരുന്നതു എപ്രകാരമൊ അപ്രകാരം നാമും ഈലോകത്തിൽ ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല. എന്നാൽ പൂൎണ്ണമായ സ്നേഹം ഭയത്തെ പുറത്തേയ്ക്കു തള്ളിക്കളയുന്നു; എന്തുകൊണ്ടെന്നാൽ ഭയം ആപത്തിൽ സ്ഥിതി ചെയ്യുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. അപ്പഴൊ നാം ദൈവത്തെ സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ ആദ്യമായി നമ്മെ സ്നേഹിച്ചു. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു് ഒരുവൻ പറകയും തന്റെ സഹോദരനെ പകക്കയും ചെയ്യുന്നുവെങ്കിൽ അവൻ അസത്യവാദിയാകുന്നു. എന്തുകൊണ്ടെന്നാൽ കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിപ്പാൻ എങ്ങിനെ വശമാകും? ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സഹോദരനെയും സ്നേഹിക്കണം എന്നീ കല്പന തന്നിൽ നിന്നു് നാം കൈക്കൊണ്ടിരിക്കുന്നു. (John. IV. 7. 21.)

ജ്ഞാപകം:- കഴിഞ്ഞ മെയ് മാസത്തിലെ "വേദപുസ്തകപാരായണ"ത്തിന്റെ ഒടുവിൽ "സഹോദരന്മാരേ! നിങ്ങൾക്കുവേണ്ടി പ്രാൎത്ഥിപ്പിൻ" എന്നുള്ളതു് "സഹോദരന്മാരേ! ഞങ്ങൾക്കുവേണ്ടി പ്രാൎത്ഥിപ്പിൻ" എന്നു തിരുത്തിവായിക്കേണ്ടതാണു്.

ഫാദർ അലെക്സാണ്ടർ സി. ഡി.

## വിശുദ്ധ കൊച്ചുത്രേസ്യാ.

(സ്വയംകൃത ജീവചരിത്രം.)

ഒന്നാം അദ്ധ്യായം. (തുടർച്ച)

### സൂചന.

(ഇതുവരെ 'ഭാഗ്യപ്പെട്ട' 'ധന്യ' എന്നിത്യാദി നാമധേയങ്ങൾ കൊച്ചുത്രേസ്യായുടെ നാമത്തോടു് നാം ചേൎത്തുവന്നു. എന്നാൽ ഇക്കഴിഞ്ഞ മെയ് 17-ാംനു- നടന്ന ആ മഹനീയ സംഭവത്തിന്റെ ശേഷം ഇതാ ഹൎഷപ്രകൎഷചിത്തതയോടെ അത്യാഹ്ളാദഭരത്തോടെ ആനന്ദതുന്ദിലതയോടെ 'വിശുദ്ധ' എന്ന പരിപൂജ്യനാമത്തെ കൊച്ചുത്രേസ്യായുടെ പേരിനു മുമ്പു ചേൎത്തുകൊള്ളുന്നു. ഈ പവിത്രസ്ഥാനമാവട്ടെ ആചന്ദ്രതാരം അൎക്കബിംബസമാനം ഇതേവിധം തിളങ്ങിവിളങ്ങുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ തിരുസഭക്കു പുണ്യശ്ലോകൎക്കു നൽകാൻ ഇതിനുപരിസ്ഥാനമില്ല.)

എനിക്കു രണ്ടു വയസ്സു പ്രായമായിരുന്നപ്പോൾ എന്റെ അമ്മ താഴെകാണും പ്രകാരം എഴുതി. 'ത്രേസ്യാക്കുട്ടി ഇന്നാളൊരിക്കൽ അവൾ സ്വൎഗ്ഗത്തിൽ പോകുമോ എന്നു ചോദിച്ചു. അതിനു ഞാൻ നീ വളരെ നല്ലതാണെങ്കിൽ പോകും. എന്നു് ഉത്തരിച്ചു. ഉടനെ അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു. അമ്മെ, അപ്പോൾ ഞാൻ നല്ലതല്ലെങ്കിൽ നരകത്തിൽ പോകുമെന്നോ? എന്നാൽ എനിക്കറിയാം, അമ്മ സ്വൎഗ്ഗത്തിലായിരിക്കുമല്ലൊ, അമ്മ എന്നെ കെട്ടിപ്പിടിച്ചുകൊള്ളും. നമുക്കപ്പോൾ ഒരുമിച്ചു പറന്നുപോകാം. ദൈവത്തിനു, എങ്ങിനെ അമ്മയുടെ കരങ്ങളിൽ നിന്നു എന്നെ വിടുവിക്കാൻ കഴിയും. മാതൃഹസ്തങ്ങളിൽ പെട്ടുപോയാൽ പിന്നെ ഒന്നും ഭയപ്പെട്ടിട്ടു കാൎയ്യമില്ലെന്നായിരുന്നു അവളുടെ ദൃഢവിശ്വാസം'... ഞങ്ങളേവരേയും പോലെ മേരിക്കും കുഞ്ഞിനോടു വലിയ പക്ഷമാണു്, അതിന്റെ ഹൃദയപരമാൎത്ഥത അസാധാരണമാകുന്നു. ഒരു തെററു ചെയ്തശേഷം അതു ഏററു പറവാൻ അവൾ എന്റെ പിറകെ ഓടിവരുന്ന കാൎയ്യ കാണേണ്ടതു തന്നെ. അമ്മച്ചീ, ഞാൻ സെലിനിട്ടു ഒരു തള്ളു് കൊടുത്തു, ഒരു അടിയും കൊടു

ത്തു; എന്നാൽ ഇനിമേൽ ഞാൻ ഒരിക്കലും അങ്ങിനെ ചെയ്യുകയില്ല.

അവൾ ഒരു തെററു ചെയ്തുവെങ്കിൽ ഞങ്ങൾ ഏവരും അതറിയണം. ഇന്നലെ അവൾ സ്വല്പം ഭിത്തിക്കടലാസ്സു കീറി. ഇക്കാര്യം അവളെ വളരെ അസ്വസ്ഥയാക്കി. അപ്പനോടു ഉടനെ വിവരം അറിയിപ്പാൻ അവൾ ബദ്ധപ്പെട്ടു. നാലു മണിക്കൂർ കഴിഞ്ഞു അപ്പൻ വീട്ടിൽ വന്നപ്പോൾ ഞങ്ങളേവരും ആ സംഭവം വിസ്മരിച്ചിരുന്നു. എന്നാൽ അവൾ മേരിയുടെ പക്കലേക്കു പാഞ്ഞുചെന്നു പറയുന്നു. 'ഞാൻ കടലാസ്സു കീറി എന്നു അപ്പനോടു പറയുക'. തദനന്തരം അവിടെ വിധിവാചകം കേൾപ്പാൻ ഒരുങ്ങി നിൽക്കുന്ന കുററക്കാരനെപ്പോലെ നിൽപ്പായി. സ്വയം കുററപ്പെടുത്തുന്നതായാൽ മാപ്പ് കിട്ടുമെന്നൊരു ധാരണയും അവൾക്കുണ്ട്.

എന്റെ പ്രിയ പിതാവിന്റെ നാമം സൌഭാഗ്യസംപൂർണ്ണമായ പല സ്മരണകളെ എന്നിൽ ഉൽഭൂതമാക്കുന്നു. അദ്ദേഹം വീട്ടിൽ വരുമ്പോൾ ഞാൻ ഓടിച്ചെന്നു കാൽപാദത്തിന്മേൽ കയറി ഇരിക്കുക പതിവായിരുന്നു. എന്നെ ഇപ്രകാരം ഇരുത്തിക്കൊണ്ടു വീട്ടിലും തോട്ടത്തിലുംകൂടി എന്റെ ഇഷ്ടാനുസരണം അദ്ദേഹം നടക്കും. എന്റെ പിതാവു എന്റെ കല്പനകളെല്ലാം അനുസരിക്കുന്നു എന്നു പറഞ്ഞു അമ്മ പൃഛരിക്കും. അപ്പോൾ അദ്ദേഹം പറയും 'എനിക്കതു ചെയ്യാതിരിപ്പാൻ പാടില്ല. അവൾ രാജ്ഞിയല്ലെ'. പിന്നീടു പിതാവു എന്നെ കൈകളിൽ എടുക്കും, മേല്പോട്ടു എറിയും, തോളിൽ ഇരുത്തും, എന്റെ തൃപ്തിയടയുന്നതുവരെ എന്നെ ആശ്ലേഷിക്കും.

എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹം എന്നെ മോശമാക്കിയില്ല. ഒരിക്കൽ ഞാൻ വളയമിട്ടു കളിച്ചുകൊണ്ടിരിക്കയിൽ എന്റെ പിതാവു എന്റെ സമീപെ കടന്നുപോകയും, ചെന്നൊരു ചുംബനം കൊടുക്കുന്നതിനു 'കുഞ്ഞുരാജ്ഞിയെ' വിളിക്കയും ചെയ്തു. ഞാൻ പോയില്ല, വളരെ മുഷ്കോടെ ഇങ്ങനെ ഉത്തരിച്ചു. 'അപ്പച്ചനു ഉമ്മ വേണമെങ്കിൽ ഇങ്ങോട്ടു വരട്ടെ.' അദ്ദേഹം വളരെ വിവേകപൂർവ്വം വന്നില്ല. തത്സമയം അവിടെയുണ്ടായിരുന്ന മേരി അപ്പനോടു മയ്യാദഹീനമായി സംസാരിച്ചതിനെപ്പററി എന്നെ ശാസിച്ചു. ഉടനെ ഞാൻ വളയത്തിൽനിന്നിറങ്ങി, വളരെ കൈപ്പോടെ കരഞ്ഞു. അപ്പനോടു മാപ്പു ചോദിക്കുന്നതിനു മുകളിലേക്കു ഗോവണി കയറി, അദ്ദേഹം എന്നോടു ക്ഷമിക്കയും ചെയ്തു. ഈ പ്രാവശ്യം ഓരോ പടിക്കും 'അമ്മ' എന്നു വിളിപ്പാൻ ഞാൻ മറന്നുപോയി. എന്റെ മാതാപിതാക്കന്മാർക്കു വ്യസനം വരുത്തി എന്നു വിചാരിക്കുകപോലും എനിക്കു ശക്യമല്ലായിരുന്നു, അപ്രകാരമൊരു സംശയം മാത്രം മതിയായിരുന്നു കുററം സമ്മതിച്ചു ക്ഷമായാചനം ചെയ്വാൻ.

എന്റെ അമ്മയുടെ അധരങ്ങളിൽനിന്നു കേട്ടിട്ടുള്ള ഒരു ചെറിയ സംഭവം ഇവിടെ ചേർത്തുകൊള്ളുന്നു. ഒരു ദിവസം രാവിലെ താഴത്തെ നിലയിലേക്കു പോകുന്നതിനു മുമ്പു ഞാൻ ത്രേസ്യാക്കുട്ടിക്കു ഒരു ഉമ്മ കൊടുക്കണമെന്നു വിചാരിച്ചു. അവളാകട്ടെ തത്സമയം ഗാഢനിദ്ര പ്രാപിച്ചതുപോലെ കാണപ്പെട്ടു. അവളെ ഉണർത്തണമെന്നു എനിക്കാഗ്രഹമുണ്ടായിരുന്നില്ല. അപ്പോൾ മേരി പറഞ്ഞു 'അമ്മേ അവൾ ഉറങ്ങിയിട്ടില്ല; വൃഥാ ഉറക്കം നടിക്കമാത്രമാണ്'. ഞാൻ അവളുടെ മൂർദ്ധാവിൽ ചുംബിക്കുന്നതിനു കുനിഞ്ഞപ്പോൾ മെത്തക്കു താഴെ ഒളിച്ചുകൊണ്ടു എന്നെ ആരും കാണേണ്ടാ, എന്നു ഒരു വികൃതി കുട്ടിയുടെ ഭാവത്തിൽ പറഞ്ഞു. അവൾ ചെയ്തതു നന്നായില്ല എന്നു ഞാൻ പറഞ്ഞു. രണ്ടു വിനാഴിക കഴിഞ്ഞപ്പോൾ അവൾ കരയുന്നതു കേട്ടു, ഉടനെ തന്നെ താഴത്തു എന്റെ സമീപം അവളെ കണ്ടപ്പോൾ ഞാൻ അത്ഭുതപരതന്ത്രയായി. താനെതന്നെ മെത്തയിൽനിന്നു എണീററു നിഷ്പാദുകയായി ദീർഘമേറിയ നിശാവസ്ത്രത്തിന്മേൽ തട്ടിത്തടഞ്ഞായിരുന്നു എന്റെ അടുക്കൽ എത്തിയതു്. 'അമ്മേ, ഞാൻ മോശമായി പ്രവർത്തിച്ചു; എന്നോടു ക്ഷമിക്കണമേ' എന്നു പറഞ്ഞുകൊണ്ടു എന്റെ മുമ്പിൽ മുട്ടുകുത്തിയപ്പോൾ അവളുടെ കുഞ്ഞുമുഖം അശ്രുകണങ്ങളാൽ ക്ലിന്നമായിരുന്നു. ഞാൻ അവളെ കൈകളിൽ എടു

ത്തു എന്റെ മാലാഖാ കുഞ്ഞിനെ പലേ പ്രാവശ്യം ചുംബിച്ചു.

കൊൺവെന്റ് ബോർഡിങ്ങ് സ്കൂളിൽനിന്നു തിരിച്ചുവരുന്ന എന്റെ മൂത്ത സഹോദരി മേരിയോടു എനിക്കു വളരെ സ്നേഹമായിരുന്നു. ഞാൻ കാണുന്നതിനെയൊക്കെ സസൂക്ഷ്മം അവലോകനം ചെയ്യുന്ന സ്വഭാവമെനിക്കുണ്ടായിരുന്നതിനാൽ അവൾ സെലിനെ പഠിപ്പിക്കുമ്പോൾ ഞാനും ശ്രദ്ധിക്കയും പാഠങ്ങൾക്കു സന്നിഹിതയാകുന്നതിനു എന്നെയും അനുവദിപ്പാൻ തക്കപോലെ വ്യാപരിക്കയും ചെയ്തിരുന്നു. അന്നു ഇന്നത്തേപ്പോലുള്ള ഗ്രഹണശക്തിയുണ്ടായിരുന്നെന്നു തോന്നുന്നു. മേരി എനിക്കു നൽകിയ ചില ചില്ലറ സമ്മാനങ്ങളെ ഞാൻ അതീവ വിലമതിച്ചിരുന്നു. എന്റെ മൂത്ത സഹോദരികളിരുവരും എന്റെ ശ്രദ്ധയെ ഗ്രഹിച്ചു; വളരെ അകലെയായിരുന്നപോളിൻ സദാ എന്റെ മനസ്സിൽ ഉണ്ടായിരുന്നു. നീ എന്തിനെക്കുറിച്ചു ചിന്താമഗ്നയായിരിക്കുന്നു എന്നു അമ്മ ചോദിക്കുമ്പോൾ സംസാരിക്കാറായതിൽ പിന്നെ പോളിനെക്കുറിച്ചു എന്നായിരുന്നു എന്റെ മറുപടി. അവൾ ഒരു കന്യാസ്ത്രീ ആകുമെന്നു ആളുകൾ പറയുന്നതു കേട്ടപ്പോൾ ആ വാക്കിന്റെ അർത്ഥം എന്തെന്നു ഞാൻ ഗ്രഹിച്ചിരുന്നില്ലെങ്കിലും എനിക്കും കന്യാസ്ത്രീയാകണമെന്നു ഞാൻ സ്വയം നിശ്ചയിച്ചു. ഈ നിശ്ചയത്തിൽനിന്നു ഒരിക്കലും ഞാൻ പിന്മാറിയിട്ടില്ല. ഇതാണ് എന്റെ മനോമുകുരത്തിൽ ഇദംപ്രഥമമായി പ്രതിബിംബിക്കുന്ന സംഗതികളിൽ ഒന്നു. എന്റെ പ്രിയ സോദരിയുടെ മാതൃക എന്നെ കന്യകകളുടെ ദിവ്യ മണവാളന്റെ പക്കലേക്കു അടുപ്പിച്ചപ്പോൾ എനിക്കു കഷ്ടിച്ചു രണ്ടു വയസ്സു പ്രായമെ ഉണ്ടായിരുന്നൊള്ളു. ഹാ! എന്റെ അമ്മേ, പോളിനോടുകൂടിയുള്ള എന്റെ ഇടപാടുകളെക്കുറിച്ചു എഴുതാൻതുടങ്ങിയാൽ അവസാനിക്കയില്ല.

പ്രിയ ലെയോനി എന്നെയും ഞാൻ അവളെയും വളരെ സ്നേഹിച്ചിരുന്നു. സായാഹ്നത്തിൽ മററുള്ളവർ നടക്കാൻപോകുമ്പോൾ പള്ളിക്കൂടം വിട്ടു വരുന്ന അവൾ എന്നെ സൂക്ഷിക്കയും പാടി ഉറക്കുകയും ചെയ്യും. അവളുടെ മധുരമായ സ്വരം ഇപ്പോഴും എന്റെ കർണ്ണപുടങ്ങളിൽ കുടികൊള്ളുന്നു. അവളുടെ ആദ്യകുർബാനസ്വീകരണാവസരത്തിൽ ഒരു പാവപ്പെട്ട പെൺകുട്ടിതോഴിയായി അവളെ അനുഗമിച്ചിരുന്നു. അലെൻകോണിലെ മാതൃകാകുടുംബങ്ങളുടെ പതിവനുസരിച്ചു ഈ കുട്ടിയുടെ വസ്ത്രം അമ്മ ദാനംചെയ്തതായിരുന്നു. അവൾ ദിവസംമുഴുവനും, ലെയോനിയുടെ സമീപെയുണ്ടായിരുന്നു. ഭക്ഷണമുറിയിൽപ്രഥമസ്ഥാനവുംഅവൾക്കായിരുന്നു. ഈ വിരുന്നിൽ ഭാഗഭാക്കാകുന്നതിനു തക്ക പ്രായപൂർത്തി എനിക്കില്ലായിരുന്നെങ്കിലും ഞാനും ഒരുപ്രകാരത്തിൽ സംബന്ധിച്ചെന്നുപറയാം. എന്തുകൊണ്ടെന്നാൽ പിതാവു തന്റെ കൊച്ചുരാജ്ഞിക്കു ഒരു കേക്കുകഷണം കൊണ്ടുവന്നു തന്നു.

സെലിനും ഞാനും ഒരുമിച്ചു കളിച്ചിട്ടുള്ളവരാണ്. അവളെക്കുറിച്ചുള്ള എന്റെ സ്മരണകളിൽ ഏതിനെയാണ് ഇവിടെ തെരഞ്ഞെടുത്തു കുറിക്കേണ്ടതെന്നു ഞാൻ സംശയിക്കുന്നു. എന്തുകൊണ്ടെന്നാൽ അത്രസ്സു സുഭിക്ഷമായിട്ടാണ് അവ എന്റെ ഹൃത്തടത്തിൽ ഉയർന്നുവരുന്നതു്. ഞങ്ങൾ തമ്മിൽ വളരെ സൗഹാർദ്ദമായി കഴിഞ്ഞുകൂടി. ശാന്തത, ബുദ്ധിവിലാസം ഇവയിൽ അവൾ എന്നെ പിറകിലാക്കുകതന്നെ ചെയ്തു. ആറുവയസ്സുള്ളപ്പോൾ അവൾ എത്ര സുകൃതിയും, മൂന്നുവയസ്സുള്ളപ്പോൾ ഞാൻ എത്രവികൃതിയും ആയിരുന്നുവെന്നു അമ്മയുടെ കത്തിൽനിന്നു എടുത്തുചേർക്കുന്ന ഈ ഭാഗം വെളിപ്പെടുത്തുന്നു.

സെലിന്റെ ചാച്ചിലുകൾ അത്രയും നന്മയിലേയ്ക്കാണ്. നമ്മുടെ കൊച്ചുത്രേസ്യായുടെ കാര്യമോ? അവൾ എത്ര കണ്ടു ചെറുപ്പമൊ അത്രകണ്ടു വിചാരവിഹീനയുമാണ്. അവൾ ഒരു കോമളബാലികതന്നെ, പക്ഷേ അവളുടെ സഹോദരിയോടൊപ്പം സൌമ്യശീലം അവൾക്കില്ലെന്നു മാത്രമല്ല അസാമാന്യമായ നിർബന്ധ സ്വഭാവവുമുണ്ടു. 'പുറത്തിറങ്ങുകയില്ല' എന്നു പറഞ്ഞുപോയാൽ പിന്നെ രാവും പകലും മുറിയിൽ തന്നെ കഴിച്ചുകൂട്ടേണ്ടിവന്നാലും ശരി അവിടെത്തന്നെ ഇരിക്കയെയുള്ളു. (തുടരും.)

ഫാദർ മാത്യു പുതിയിടം.

# ക്രിസ്തോപദേശശതകം. (തുടർച്ച.)

നിന്നെയന്യൻ വിധിച്ചീടാൻ
തൃപ്തിയില്ലെന്നിരിക്കിലോ
ആരെയും നീ വിധിക്കൊല്ലാ;
നീ ചെയ്യുമ്പോലെ നിന്നെയും. 76

യാതൊരുന്നോ മാനദണ്ഡം വ–
ച്ചന്യനേ നീയളന്നിട്ടും
അപ്പണ്ണംതന്നെയന്യന്മാർ
നിന്നെയും തൂക്കിനോക്കിടും. 77

നിൻകണ്ണിൽ പത്തലുള്ളപ്പോൾ
അന്യൻകണ്ണിലെ നാരിനേ
എന്തിനിന്നു, മഹാദോഷം,
ദോഷിപ്പൂന്നു പറഞ്ഞുനീ? 78

മുമ്പേനിൻ കണ്ണിലുള്ളോരു
പത്തൽകണ്ടുകളഞ്ഞിട്ടു്;
പിന്നീടാകാ മവൻ കണ്ണിൽ
നാരുകണ്ടു പിടിപ്പൂവാൻ. 79

ചോദിച്ചീടുക– തന്നീടും;
അന്വേഷിപ്പുക– കണ്ടിടും;
മുട്ടീടിൽ വാതലും പിന്നെ
തെററാതങ്ങു തുറന്നിടും. 80

ശ്രേഷ്ഠമായുള്ള വസ്തുക്കൾ
പട്ടിക്കിട്ടു കൊടുക്കൊലാ
പവിഴം പന്നിതൻമുമ്പി–
ലെറിഞ്ഞാൽ നിഷ്ഫലം, തഥാ. 81

ആവശ്യപ്പെട്ടിടുന്നോർക്കാ–
യേകും നാഥൻ സമസ്തവും
മുട്ടിപ്പായത്നം ചെയ്യോ–
ർക്കാർക്കാണുള്ളതു കിട്ടുവാൻ? 82

അപ്പത്തിന്നു മകൻ കേട്ടാ–
ലപ്പൻ കല്ലുകൊടുക്കുമോ?
മത്സ്യം ചോദിച്ചിട്ടും പുത്ര–
ന്നാരാണേകുക പാമ്പിനേ? 83

ദോഷക്കാർ നിങ്ങളിവണ്ണം
മക്കളോടെങ്കിലീശ്വരൻ
നിജപുത്രരൊടെന്മാത്രം
ദയവായ് പെരുമാറിടും? 84

നിങ്ങളോടന്യരെന്തെല്ലാം
ചെയ്യാനാശയതേവിധം
നിങ്ങളന്യരൊടും ചെയ്വിൻ;
വേദത്തിൻ വിധിയീവിധം. 85

നിത്യജീവങ്കലേയ്ക്കുള്ള
പടിയെത്രയിടുങ്ങിയാം
നാശത്തിന്റെ കവാടത്തി–
ന്നെത്രവിസ്തൃതി പാർക്കിൽ. 86

നാശത്തിൻ പാത സുഗമം
പോകുന്നുണ്ടധികം ജനം
എന്നാൽ നിങ്ങളിടുങ്ങീടും
പടിക്കൽ പോയ് കടക്കുവിൻ 87

ആട്ടിൻവേഷത്തിൽ വന്നീടും
പിട്ടന്മാർ ദീർഘദർശികൾ;
കൈക്കൊള്ളേണ്ടവരെ നിങ്ങൾ
ഉള്ളേ ചെന്നായ്ക്കളാണവർ. 88

അവർചെയ്യും ഫലംകൊണ്ട–
ങ്ങറിഞ്ഞീടുക വാസ്തവം.
കാഞ്ഞിരം കേരമേകുന്നോ?
മുള്ളുണ്ടോ മുന്തിരിങ്ങയും? 89

നല്ലവൃക്ഷത്തിനേയാവൂ
നല്ല കായ്കനി നൽകുവാൻ;
തീയവൃക്ഷം തരും കായ്കൾ
തീയതായേ വരൂ ദൃഢം. 90

ദുഷ്ഫലം തന്നിടും വൃക്ഷം
വെട്ടിച്ചുട്ടുകളഞ്ഞിടും;
സൽഫലം തന്നിടാവൃക്ഷം
കൊണ്ടുലോകർക്കെന്തുഫലം? 91

ആദരാ'ലീശ!' എന്നെന്നെ
വിളിപ്പോർക്കൊക്കെ മുക്തിയോ?
അതുപോരവരെൻസ്വർഗ്ഗ–
പ്പിതാവിന്നാജ്ഞ കേൾക്കണം. 92

ഒരുനാളിലനേകംപേർ
എങ്കൽവന്നു പറഞ്ഞിടും,
"നാഥനെന്നെയറിഞ്ഞില്ലേ?
ചെയ്തത്ഭുതമെത്രഞാൻ?" 93

"ദുഷ്ടകൃത്യം പ്രവർത്തിച്ച
മർത്ത്യ,നീപോക ദൂരവേ.
നിന്നെഞാനറിയുന്നില്ല"
എന്നു ഞാൻ തീർത്തുരച്ചിടും. 94

എൻവചസ്സാകവേ കേട്ട്
എൻവഴിക്കു നടപ്പവർ
പാറമേൽ വീടു തീർപ്പിച്ച
ബുദ്ധിമാനു സമാനരാം. 95

മഴപെയ്തുപെരുംവെള്ളം,
വന്നു വൻകാററുമൂററമായ്;
എന്നിട്ടും വീടു വീണില്ല
പാറസ്ഥമുള്ള ഗുണത്തിനാൽ. 96

എൻവാക്കൊക്കെ ശ്രവിച്ചിട്ടും
അതുപോൽ ചെയ്തിടാത്തവർ
പൂഴിമേൽ വീടുതീർപ്പിച്ച
പടുമൂഢനു തുല്യരാം. 97

മഴപെയ്തു പെരുംവെള്ളം
വന്നു വൻകാററടിച്ചഹോ.
അടിപോയ്, ഗൃഹവും വീണു,
അതിൻവീഴ്ച ഭയങ്കരം." 98

ഇത്ഥം ചൊന്നീശനാം ക്രിസ്തൻ
തൻപ്രസംഗം നിറുത്തിനാൻ
കേട്ടുനിന്നവരാശ്ചര്യ-
പ്പെട്ടു കമ്പിച്ചു നിന്നുപോയ്. 99

അധികാരം ധരിച്ചോനെ-
പോലവേ ചൊല്ലി ക്രിസ്തനും
യൂദാചാര്യരിലിന്മാത്രം
വീര്യം കണ്ടതുമില്ലവർ. 100

സമാപ്തം.

പി. ജെ.

## വേദപാരഗനായ മാർ അപ്രേം.

(തിരുനാൾ, ജൂൺ ൧൮.)

(പതിനഞ്ചാം ബെനഡിക്തോസ് മാർപ്പാപ്പാ തിരുമനസ്സിലെ തിരുവെഴുത്തിൽനിന്ന്.)

പ്രാചീനകാലങ്ങളിൽ പ്രസിദ്ധ പട്ടണങ്ങളായി പരിലസിച്ച നിസ്സിബിസ്സാണോ, എദേസ്സായാണോ വി. അപ്രേമിന്റെ ജന്മഭൂമി എന്നുള്ളതു് ഇനിയും സംശയഗ്രസ്തമായിട്ടാണിരിക്കുന്നതു്. എങ്കിലും, അക്കാലത്തെ മതപീഡനത്തിൽ വേദസാക്ഷികളോടു് സഹകരിച്ച ഇദ്ദേഹത്തെ, തന്റെ മാതാപിതാക്കന്മാർ ക്രൈസ്തവാചാരങ്ങളിൽ അഭ്യസിപ്പിച്ചുവെന്നുള്ളതു് അവിതർക്കിതമാണെന്നാണ് വി. ഗ്രിഗോരിയോസിന്റെ പ്രസ്താവം. (Greg. Life of St. Eph. ch. 1) അവർക്കു ഇഹലോകജീവിതസൌകര്യങ്ങൾ വേണ്ടുവോളം ഉണ്ടായിരുന്നില്ലെങ്കിലും, ന്യായാസനങ്ങളിൽ മ്ശിഹായെ സധൈര്യം അനുസരിച്ചു പറഞ്ഞുകൊണ്ടു് വിശിഷ്ടതമവും പ്രതാപകോമളവുമായ സാക്ഷ്യപ്രശസ്തിയാൽ അവർ അലംകൃതരായിരുന്നുവെന്നാണ് വി. അപ്രേംതന്നെ പറയുന്നതു്. (Vide Conf. St. Ephrem) വി. അപ്രേം ശിശുവായിരിക്കുമ്പോൾ തന്നെ, തന്റെ ഭാവിജീവിതമാഹാത്മ്യത്തിന്റെ ഒരു പ്രതിച്ഛായയോ എന്നു തോന്നുമാറു്, അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്നു് ഒരു മുന്തിരിച്ചെടി, നിറയെ മുന്തിരിക്കുലകളോടുകൂടി, മുളച്ചു സമൃദ്ധമായി വളരുന്നതായും, അതു ക്രമേണ ഭൂമുഖമെങ്ങും വ്യാപിക്കുന്നതായും, ഗഗനവാസികളായ പക്ഷികൾ വന്നു് അതിന്റെ ഫലങ്ങൾ കൊത്തിത്തിന്നുന്നതായും, അതിന്റെ ശേഷവും ധാരാളം പഴങ്ങൾ ശേഷിച്ചിരിക്കുന്നതായും മററും തന്റെ മാതാപിതാക്കന്മാർ ഒരു കാഴ്ച കണ്ടു. യൌവ്വനാരംഭത്തിൽ, ആ ജീവിതദശയെ സാധാരണ ക്ഷോഭിപ്പിക്കുന്ന കാമക്രോധാദിവികാരങ്ങളെ ഒരുവിധ സൂക്ഷ്മക്കുറവോടും, ഉന്മേഷരാഹിത്യത്തോടുമേ, വി. അപ്രേം നിരോധിച്ചുള്ളു. അദ്ദേഹംതന്നെ, സാക്ഷീകരിക്കുന്നതുപോലെ, താൻ ധാർഷ്ട്യസ്വഭാവിയും, കോപിഷ്ഠനും, കലഹപ്രിയനും, പ്രവൃത്തികളിലും വിചാരങ്ങളിലും, ക്രമവിരോധിയും ആയിരുന്നു. എന്നാൽ ഒരിക്കൽ അന്യായമായി കുററം ചുമത്തപ്പെട്ടു ബന്ധനസ്ഥനായതിനോടുകൂടി, ലൌകിക വസ്തുക്കളേയും സുഖഭോഗങ്ങളേയും, വെറുത്തുതുടങ്ങി. ഈ കുററാരോപണത്തിൽനിന്നു് വിമുക്തനായ ഉടൻതന്നെ ലോകത്തെ വെടിഞ്ഞു് സന്ന്യാസജീവിതം ആശ്ലേഷിച്ചു. അതി

ന്റെശേഷം തനിക്കുണ്ടായിരുന്ന സമയം മുഴുവനും, സുകൃതവൃത്തികളിലും, വേദപുസ്തകപാരായണത്തിലും, വിനിയോഗിച്ചു. ഏറെത്താമസിയാതെ, നിസ്സിബിസ്സിലെ മെത്രാനും, നിക്ക്യാസൂനഹദോസിൽ സമ്മേളിച്ച ൩൧൮ പിതാക്കന്മാരിൽ ഒരാളും നിസ്സിബിസ്സു പട്ടണത്തിലെ വേദവ്യാഖ്യാന (Exegetic) മഹാപാഠശാലയുടെ സ്ഥാപകനുമായ വി. യാക്കോബിന്റെ സ്നേഹബഹുമാനാദരങ്ങൾക്ക്, വി. അപ്രേം പാത്രീഭൂതനായി. അദ്ദേഹത്തിന്റെ ഒരു യോഗ്യശിഷ്യൻ എന്ന നിലയിൽ, നമ്മുടെ കഥാനായകൻ തന്റെ സ്ഥിരോത്സാഹത്തിന്റെയും അശ്രാന്തപരിശ്രമത്തിന്റെയും ഫലമായി, വി. ലിഖിതങ്ങളുടെ ബുദ്ധിപൂർവ്വകമായ വ്യാഖ്യാനങ്ങൾ കൊണ്ട് വി. യാക്കോബിന്റെ സുപ്രതീക്ഷയെ സുസാദ്ധ്യമാക്കി. ഇതിൽപരമായി, കാലാന്തരത്തിൽ ഒരു വ്യാഖ്യാതാവ് എന്ന നിലയിൽ വി. യാക്കോബിനെ, ഇദ്ദേഹം ഉല്ലംഘിക്കുകകൂടെയുണ്ടായി. ഇങ്ങനെ വളരെ ചുരുങ്ങിയ കാലത്തിനിടയിൽ, ആ സുപ്രസിദ്ധസ്ഥാപനത്തിലെ, വേദപുസ്തകവ്യാഖ്യാതാക്കളിൽ അദ്വിതീയൻ എന്നുള്ള ഖ്യാതി, അപ്രേം സമ്പാദിച്ചു. അന്നുതുടങ്ങി ഇദ്ദേഹം "സുറിയാനിക്കാരുടെ മല്പാൻ" എന്നു വിളിക്കപ്പെട്ടുപോരുന്നു.

എന്നാൽ, പേഷ്യൻസൈന്യം സ്വരാജ്യത്തെ നിരോധിച്ചതിനാൽ, വി. ഗ്രന്ഥായനം ത്യജിക്കുന്നതിന് നമ്മുടെ കഥാപുരുഷൻ നിർബന്ധിതനായി. ഈ കലാപത്തിൽ നിന്ന് സ്വരാജ്യം സുരക്ഷിതമാകുന്നതിന് വേണ്ട പ്രയത്നങ്ങൾ എല്ലാം അദ്ദേഹം ചെയ്തു. ശത്രുക്കളെ ധൈര്യസമേതം എതിർക്കുന്നതിനായി തന്റെ പൌരന്മാരെ അദ്ദേഹം സദ്വിധേനയും പ്രോത്സാഹിപ്പിച്ചു. വി. യാക്കോബിന്റെ അപേക്ഷയാൽ വിപത്തിന് താൽക്കാലികമായ നിവാരണമുണ്ടായെങ്കിലും അദ്ദേഹത്തിന്റെ മരണാനന്തരം അത് വീണ്ടും വർദ്ധമാനമായതേയുള്ളു. ഒന്നുകൂടി പട്ടണം നിരോധിക്കപ്പെട്ടു. ഏതൽഫലമായി ക്രിസ്ത്വാബ്ദം ൩൬൩-ൽ ആ നഗരം പേഷ്യാരാജ്യത്തിനധീനമായി. വി. അപ്രേമാവട്ടെ അവിശ്വാസികൾക്ക് ശുശ്രൂഷ ചെയ്യുന്നതിനേക്കാൾ പ്രവാസത്തെ മതിച്ച്, എദേസ്സായിലേക്കുപോയി. അവിടെ തന്റെ ജീവിതത്തിന്റെ അധികഭാഗവും ഒരു വൈദികശാസ്ത്രജ്ഞന്റെ ജോലി അത്യുത്സാഹപൂർവ്വവും സ്തുത്യർഹമായും നിർവ്വഹിക്കുന്നതിൽ വിനിയോഗിച്ചു

അവിടെ അടുത്തുണ്ടായിരുന്ന ഒരു കുന്നിന്റെ മുകളിൽ, അപ്രേം തന്റെ പർണ്ണശാല സ്ഥാപിച്ചതോടുകൂടി, അദ്ദേഹത്തെ അനുഗമിച്ച് വി. ഗ്രന്ഥാദ്ധ്യയനത്തിനായി അത്യുൽക്കണ്ഠാപൂർവ്വം പരിശ്രമിക്കുന്ന വിശ്വവിശ്രുതന്മാരായ പല മഹാന്മാരുടെയും പ്രചുരപ്രചാരം സിദ്ധിച്ച ഒരു പണ്ഡിതയോഗശാലയായി ആ സ്ഥലം പരിലസിച്ചു. ഈ വിദ്വൽസഭയിൽനിന്നാണ് വി. ലിഖിതത്തിന്റെ പ്രസിദ്ധ വ്യാഖ്യാതാക്കന്മാരായ, സെനോബിയസ്, മാർ ആബാ, വി. ഇസഹാക്ക്, അമിദേൻസിസ് എന്നിവർ പുറപ്പെട്ടിട്ടുള്ളത്. ഇവരും തങ്ങളുടെ ഗുരുവിന്റെ ഇംഗിതാനുസാരം, തങ്ങളുടെ ശിഷ്യന്മാരേയും, പ്രസ്തുത സ്ഥാപനത്തിൽ തന്നെ അഭ്യസിപ്പിച്ചുപോന്നു. ഒടുവിൽ പറഞ്ഞ വി. ഇസഹാക്കിനെ അദ്ദേഹത്തിന്റെ കൃതികളുടെ ബാഹുല്യം കൊണ്ടും, അവയുടെ പ്രാമുഖ്യംകൊണ്ടും, 'മഹാൻ' എന്നു വിളിച്ചുപോരുന്നു. ഈയിടകൊണ്ട്, കേവലം അജ്ഞാതമായ തന്റെ ഈ ആസ്ഥാനത്തിൽനിന്നു, വി. അപ്രേമിന്റെ കീർത്തി നാടെങ്ങും വ്യാപിച്ചുകഴിഞ്ഞു. ഇങ്ങനെയിരിക്കുമ്പോൾ നമ്മുടെ പുണ്യവാന് മഹാനായ വി. ബാസ്സേലിസിനെ കാണുന്നതിന് ആഗ്രഹം ജനിക്കുകയും, ഈ ഉദ്ദേശ്യസാഫല്യത്തിനായി, കേസറിയായിലേക്കു വരികയും ചെയ്തു വി. ബാസ്സേലിസ് ഇദ്ദേഹത്തിന്റെ ആഗമനം ദൈവികനിർദ്ദേശത്താൽ ഗ്രഹിക്കുകയും, യഥാവിധി സ്നേഹബഹുമാനപുരസ്സരം തന്റെ അസാമാന്യനായ അതിഥിയെ സ്വീകരിക്കുകയുമുണ്ടായി. ഈ രണ്ടു സുകൃതികളും ദീർഘസമയം ആദ്ധ്യാത്മിക സംഗതികളെപ്പററി പരസ്പരം സംഭാഷണംനടത്തി. ഈ അവസരത്തിലാണ് വി. ബസ്സേലിസ് വി. അപ്രേമിന് 'ഡീക്കൻ' എന്ന

വൈദികപദം പ്രദാനം ചെയ്തു്:

ഈ എദേസ്സാ ഏകാന്തവാസത്തിൽനിന്നു് നിശ്ചിതദിവസങ്ങളിലെ വി. അപ്രേം പുറത്തിറങ്ങിയിരുന്നുള്ളു. അതും ജനങ്ങളോടു് ഹൃദയസ്പൃക്കുകളായ പ്രസംഗങ്ങൾ പറയുന്നതിനും, തദ്വാരാ അവിടെ അക്കാലത്തു് പ്രബലമായിരുന്ന മതവിരുദ്ധതയെ ഖണ്ഡിച്ചു് സത്യവിശ്വാസത്തെ പുനഃസ്ഥാപിക്കുന്നതിനുമായിരുന്നു. ഇദ്ദേഹം തന്റെ അത്യഗാധമായ എളിമയാൽ, മഹനീയമായ വൈദികസ്ഥാനത്തെപ്പോലും സ്വീകരിക്കുന്നതിനു് ആഗ്രഹിക്കാതെ, ഒരു 'ഡീക്കൻ' എന്നുള്ള പദംകൊണ്ടു് തൃപ്തനായി വി. എസ്സപ്പാനോസിന്റെ ഒരു ഉത്തമമാതൃകയായി ച്ചമഞ്ഞു. വി. ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതിനും, ദൈവവചനം പ്രസംഗിക്കുന്നതിനും, വി. സങ്കീർത്തനങ്ങൾ പാടുന്നതിനു് കന്യകകളുടെ ഗായകസംഘങ്ങളെ രൂപവൽക്കരിക്കുന്നതിനും, വി. പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങൾ എഴുതി സത്യവിശ്വാസത്തെ വിശദീകരിക്കുന്നതിനും, തന്റെ രാജ്യക്കാരായ ജനങ്ങളെ പ്രത്യേകമായി ക്ലേശിതന്മാരേയും ദരിദ്രന്മാരേയും സഹായിക്കുന്നതിനും അദ്ദേഹം നിരന്തരം തന്റെ സമയം മുഴുവനും വിനിയോഗിച്ചിരുന്നു. വി. ഇഗ്നാസിയോസ് തെയോഫറസ് സിദ്ധാന്തിക്കുന്ന ദൈവശുശ്രൂഷകന്മാർക്കുണ്ടാകേണ്ട വിശുദ്ധതയുടെ ഛായ തന്നിൽ പ്രതിബിംബിക്കത്തക്കവണ്ണം അത്ര പൂർണ്ണമായി നമ്മുടെ വിശുദ്ധൻ മററുള്ളവക്കു് ഉപദേശിച്ച സംഗതികൾ സ്വയം പ്രവർത്തിച്ചിരുന്നു.

ഫാദർ ഗാബ്രിയേൽ സി. ഡി.

## പിശാചിന്റെ സന്ദേശം.

“ലാവെരിത്തെ” എന്ന പത്രത്തിൽ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുള്ളതും, ഗൂഢവിദ്യ അഭ്യസിച്ചിരുന്ന ഒരാൾക്കു് പിശാചു തന്നെ പറഞ്ഞുകൊടുത്തിട്ടുള്ളതായി പറയപ്പെടുന്നതുമായ ഒരു സന്ദേശത്തിന്റെ ഏതാനും ഭാഗങ്ങൾ 'കുസുമ' വായനക്കാരുടെ അറിവിന്നായി താഴെ ചേർക്കുന്നു.

“. . . ലോകത്തെ ഞാൻ ശൂന്യങ്ങൾകൊണ്ടു മൂടുന്നു. അതിനെ രക്തത്തിന്റെയും കണ്ണുനീർ ധാരകളുടേയും പ്രളയമാക്കി ചമയ്ക്കുന്നു. സൌന്ദര്യമുള്ളതിനെ ഞാൻ വിരൂപപ്പെടുത്തുന്നു. ശുദ്ധമുള്ളതിനെ ഞാൻ അശുദ്ധമാക്കുന്നു. ഉൽകൃഷ്ടമായുള്ളതിനെ ഞാൻ നികൃഷ്ടമാക്കിത്തീർക്കുന്നു. പാടുള്ള തിന്മയെല്ലാം ഞാൻ ചെയ്യുകയും ആയതു് ഉപര്യുപരി ലോകത്തിൽ വർദ്ധിക്കുന്നതിനു് ആഗ്രഹിക്കയും ചെയ്യുന്നു. ഞാൻ മുഴുവൻ അസൂയയാകുന്നു. അസൂയയുടെ അഗാധത്തേയും, വിസ്താരത്തേയും, ഉയരത്തേയും, നീ ഗ്രഹിക്കുന്നതായാൽ ആരംഭംമുതൽ ഉണ്ടായിട്ടുള്ള ജ്ഞാനങ്ങളുടെ സംഗ്രഹത്തേക്കാൾ വലുതായ ഒരു ജ്ഞാനം നിനക്കു സിദ്ധിക്കും. ഞാനെത്ര കണ്ടുപകയ്ക്കുമോ, അത്രകണ്ടു കഷ്ടപ്പെടുന്നു. എന്റെ അസൂയയും, ദുരിതങ്ങളും എന്നെപ്പോലെ തന്നെ മരണമില്ലാത്തവയാണു്. എന്തുകൊണ്ടെന്നാൽ എനിക്കു് എല്ലായിപ്പോഴും ജീവിക്കാതിരിപ്പാൻ വഹിയാത്തതുപോലെ പകയ്ക്കാതിരിപ്പാനും അസാദ്ധ്യമാണു് . . . . . . രക്തം ചിന്തിമരിക്കയും ഉയിർത്തു് സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്തു് തൻമൂലം പുനരുദ്ധാരണം ചെയ്ത ആത്മാക്കളെ കൊല്ലുന്നതിൽ എനിക്കു് സന്തോഷവും ആനന്ദവുമുണ്ടു്.

ദൈവമാനുഷന്റെ അവതാരത്തേയും, മരണത്തേയും, ഞാൻ കൊല്ലുന്ന ആത്മാക്കൾക്കു് ഫലരഹിതങ്ങളാക്കിത്തീർക്കുന്നു. നിനക്കു മനസ്സിലായോ? ഒരാത്മാവിനെ കൊല്ലുന്നതു് അവന്റെ സ്വാന്തഛായയിൽ “അവൻ” അതിനെ സൃഷ്ടിച്ചു് നിസ്സീമമായ പക്ഷത്തോടുകൂടി അതിനെ സ്നേഹിച്ചു് അതിനുവേണ്ടി അവൻ ക്രൂശിക്കപ്പെട്ടു. എന്നിട്ടും അവ

നിൽനിന്നും ഞാനതിനെ എടുക്കുന്നു. അതിനെഞാൻ അപഹരിക്കുന്നു. ആത്മാവിനെ ഞാൻ കൊലചെയ്യുകയും, എന്നോടുകൂടി നരകശിക്ഷക്ക് വിധിക്കപ്പെട്ട് അതുംകഠിനമായിപകസ്സുയുംചെയ്യുന്നു. അതിനുവേണ്ടി ഞാൻ സ്വർഗ്ഗത്തിൽ നിന്നും വരികയാകട്ടെ മരിക്കയാകട്ടെ ചെയ്തില്ലെങ്കിലും അവനെക്കാളധികം എന്നെ അതിഷ്ടപ്പെട്ടു. ഞാൻ...... ഈ സംഗതികൾ നിന്നോടെങ്ങിനെപറയും. പക്ഷെ നീക്കൂടെ മനസ്സുതിരിഞ്ഞ് പോകുമായിരിക്കും. നീ എന്നിൽനിന്ന് രക്ഷപെടുവാൻ പോകയാണോ? എന്നാലും നിന്നോട് പറയാതെ ഗത്യന്തരമില്ല, എന്നെ അവൻ നിർബന്ധിക്കുന്നു.

എന്നെത്തന്നെ ഇനിക്കു വിരോധമായി അവനുപയോഗിക്കുന്നു. അതുല്യസ്നേഹത്തോടുകൂടെ ഞാനൊരുകാലത്ത് ആരാധിച്ചവനായ അവനെ— അതെ ദൈവത്തെ എന്റെ ആത്മീയനയനങ്ങളാൽ ഞാനെപ്പോഴും ദർശിക്കുന്നുണ്ട്. ഇത്ര തീവ്രമായ സ്നേഹം പുണ്യവാന്മാർക്കുണ്ടായിരുന്നെങ്കിൽ സംശയമെന്യെ അവരുടെ ഹൃദയങ്ങൾ പിളർന്നുപോകുമായിരുന്നു. എനിക്ക് സ്നേഹിക്കുന്നതിനും ഭാഗ്യംഅനുഭവിക്കുന്നതിനും പാടുണ്ടായിരുന്നതിനു ശരിസമാനം ഇപ്പോൾ പകസ്സുയും സഹിക്കയും ചെയ്യുന്നു. ശോഭായമാനനായിരുന്ന ഞാൻ നിത്യശത്രുവായ പിശാചായി തീർന്നു. പ്രപഞ്ചമെല്ലാം— അതെ— സർവ്വജനങ്ങളും ഭരണശക്തികളും നിയമങ്ങളും ഈ വിനാഴികയിൽ എന്റെ ആലോചനാചക്രത്തിലുണ്ട്- കിഴവനായ ആ മനുഷ്യന്- പാപ്പായിക്ക്— വിരോധമായിട്ടുള്ളതല്ലാതെ യാതൊന്നും ഞാൻ ചെയ്യുന്നില്ലാ. അവനു വിരോധമായി നിർദ്ദേശിക്കപ്പെടുന്ന സകല തിന്മകളുടെയും കാരണഭൂതൻ ഞാൻതന്നെയാണ്. എനിക്കു പാപ്പായെ വിധിപ്പാൻ പാടുണ്ടായിരുന്നെങ്കിൽ! ഹാ! എത്രകഠിനമായി അയാളെ ഞാൻ ശിക്ഷിച്ചേനേ. പാപ്പായെ എനിക്കുപരീക്ഷിക്കാമെന്നിരിക്കിലും ഒരു തെറ്റുപറയിപ്പാൻഎന്നാലസാദ്ധ്യം. ഇതു് ഗ്രഹിക്കുന്നതിനു നിനക്കു പാടുണ്ടെങ്കിൽ ഗ്രഹിക്കുക. പരിശുദ്ധാരൂപി അയാളെ സഹായിക്കുന്നു. പാപ്പായുടെ നിലയിൽ സംസാരിക്കുമ്പോൾ സംശയാസ്പദമായ ഒരു ബോധത്തിനുപോലും പരിശുദ്ധാരൂപി സമ്മതിക്കുന്നതല്ലാ. പാപ്പായുടെ കാര്യങ്ങൾ അത്ഭുതകരങ്ങൾ തന്നെ.

എനിക്ക് സ്വന്തമായി ഒരു സഭയുണ്ട്. ഈശോയുടെ സംഘം നിന്റെ സഭയിലുള്ളതുപോലെതന്നെ സാത്താന്റെ ഒരു സംഘം എന്റെ സഭയിലുമുണ്ട്. എന്റെ സംഘം ഏതാണെന്നു നിനക്കറിയാമോ? അത് മിണ്ടാമാർഗ്ഗമാണ്. എന്നാൽ നെറോ, ഡെമീഷൻ, യക്കോബീനർ ആദിയായവരെപ്പോലെ തിരുസഭയെ ഞെരുക്കുകയല്ലാതെ അതിനു വിരോധമായി മറ്റൊന്നും ചെയ്യുന്നതിന് അവർക്കു സാധിക്കയില്ല.

ഇതെല്ലാമായിട്ടും ഇനിക്കെന്തു ലാഭം? ഞാൻ പരാജിതനായിരിക്കുന്നു. എങ്കിലും എല്ലായ്പോഴും ഒരു കാര്യംസാധിക്കുന്നതിന് എനിക്കു പാടായിട്ടുണ്ട്. ഗാഗുൽത്താമലയിൽ അവൻ വിലയ്ക്കുവാങ്ങിയ ആത്മാക്കളെ ഞാൻ കൊല്ലുന്നു. ഹാ! മനുഷ്യർ എത്രയോ ഭോഷന്മാരാണ്. അല്പ നിഗളം, സ്വല്പം പണം, മറ്റു ദോഷങ്ങളിവയാൽ അവരെ നിഷ്പ്രയാസം വശംവദരാക്കാം. പറക. അവൻ സഹിക്കുമെന്നു നിനക്കു തോന്നുന്നില്ലേ. അവനു പാടുണ്ടായിരുന്നെങ്കിൽ ഇതിനു പകരം................അത്ര സാരമില്ല. അവന്റെ ആത്മാക്കളെ എത്ര എത്ര എണ്ണത്തെ ഞാൻ കൊന്നു. ഇനി എത്ര എണ്ണം കൊല്ലാനിരിക്കുന്നു."

പ്രിയ വായനക്കാരെ! സാത്താന്റെ വശ്യശക്തി എത്ര കഠിനമെന്നു നോക്കുക. അവന്റെ ആലോചനകൾ എത്ര അഗാധം. അല്പബുദ്ധികളായ നാം എത്ര സൂക്ഷിക്കേണ്ടിയിരിക്കുന്നു എന്ന് ആലോചിച്ചു നോക്കുക.

തോമ്മസ് വള്ളവന്തറ.

കൈനകരി,

# കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

"കുഞ്ഞുമക്കളുടെ കുഞ്ഞു സഭ."

പ്രിയകുഞ്ഞുങ്ങളേ,

ദിവസേന കുർബാന സമയത്തു ഞാൻ നിങ്ങളെ എല്ലാവരേയും ഓർത്തു പ്രാർത്ഥിക്കുന്നുണ്ടെന്നു് പലപ്പോഴും ഞാൻ പറഞ്ഞിട്ടുള്ളതു നിങ്ങൾ മറന്നിരിക്കയില്ലല്ലോ. കറയില്ലാത്ത കുഞ്ഞുങ്ങളായി നല്ല കത്തോലിക്കാ ജീവിതം കഴിച്ച ശേഷം ഒരിക്കൽ എല്ലാവരും ഒന്നിച്ചു ആകാശമോക്ഷത്തിൽ ചെന്നുചേരുന്നതിന്നു ഇടയാകണമേ എന്നുള്ള പ്രാർത്ഥനയോടുകൂടെ നിങ്ങളെ എല്ലാവരേയും ഈശോയുടെ തിരുഹൃദയത്തിന്നു കാഴ്ചകൊടുക്കുമ്പോൾ എത്രയോ തവണ സന്തോഷത്തിന്റെ കണ്ണുനീർ ചിന്താനിടയായിട്ടുണ്ട്. ഹാ! രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന നിങ്ങളെ കർമ്മലനാഥയുടെ കാപ്പയിൻ കീഴെ വല്ല വിധത്തിലും ഒരു ബന്ധത്താൽ ഒന്നിച്ചുചേർത്തു വളർത്താൻ ഇടയായെങ്കിൽ എത്ര നന്നായിരുന്നു. ഈ കഴിഞ്ഞ മാസത്തിൽ ഒരു ദിവസം ദിവ്യപൂജ കഴിഞ്ഞു നിങ്ങൾക്കുവേണ്ടി അപേക്ഷിച്ചിരിക്കയിൽ ഇതേ സംബന്ധിച്ചു തോന്നിയ ഒരു സംഗതിയെപ്പററിയാണു് ഇത്തവണ അല്പം പറയാൻ പോകുന്നതു്. എല്ലാവരും നല്ലപോലെ ശ്രദ്ധിച്ചു വായിച്ചു്, ദൈവസ്നേഹാഗ്നി എരിയുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ ഈ മാസത്തിൽതന്നെ അതു പ്രവൃത്തിയിൽ വരുത്താൻ താല്പര്യപ്പെടണമെന്നപേക്ഷിക്കുന്നു. നിങ്ങൾ ഉത്സാഹിച്ചാൽ ദൈവസഹായം ഉണ്ടാകാതിരിക്കയില്ല.

1. കർമ്മലനാഥയുടെ കുഞ്ഞുമക്കളുടെ കത്തോലിക്കാ ജീവിതാഭ്യസനത്തിന്നുപകരിക്കുന്നതിലേയ്ക്കു ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വെവ്വേറെ ശാഖകളോടുകൂടെ "കേരളീയ കത്തോലിക്കാ ബാലസംഘം" (The Kerala Catholic Children's Association) കെ. സി. സി. എ. എന്നൊരു കുഞ്ഞു സംഘം ഉണ്ടായിരിക്കണം.

2. വിശുദ്ധ കൊച്ചു ത്രേസ്യായും ഡൊമ്നിക്ക സാവ്യോയും അതിന്റെ മദ്ധ്യസ്ഥന്മാരായിരിക്കുന്നതും "Death rather than sin" "പാപത്തെക്കാൾ മരണം" എന്നുള്ള ഡൊമ്നിയുടെ പ്രസിദ്ധ വചനങ്ങൾ സഭാംഗങ്ങളുടെ മുദ്രാവചനം ആയിരിക്കുന്നതുമാണ്.

3. എട്ടു വയസ്സു കഴികയും ആദ്യ കുർബാന കൈക്കൊള്ളപ്പാടു കഴിക്കയും ചെയ്തിട്ടുള്ള സൽസ്വഭാവികളും ദൈവഭക്തരുമായ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവരവരുടെ ശാഖകളിൽ അംഗങ്ങൾ ആകാവുന്നതും, ആൺകുട്ടികളുടെയായാലും പെൺകുട്ടികളുടെയായാലും ഓരോ കുഞ്ഞുസംഘത്തിനും പന്ത്രണ്ടു അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാകുന്നു.

4. സമീപവാസികളായ 12 ആൺകുട്ടികളോ 12 പെൺകുട്ടികളോ അംഗങ്ങളായിച്ചേരുന്നതിനുണ്ടായിക്കഴിഞ്ഞാൽ അവർ പന്ത്രണ്ടുപേരും സൌകര്യമുള്ള ഒരുവീട്ടിൽ സംഘംകൂടി മുട്ടുകുത്തി പ്ര. അ. പ്ര. നന്മ. പ്ര. ത്രി. എത്തിച്ച ശേഷം ദൈവജനനിയെപ്പററിയുള്ള ഏതെങ്കിലും ഒരു സ്തുതിപ്പു പാടിയിട്ടു എഴുന്നേററു്, സംഘത്തിലേയ്ക്കു ഒരു സെക്രട്ടറിയേയും, രണ്ടു ആലോചനക്കാരേയും തെരഞ്ഞെടുക്കണം. ഇതിനായി കൂട്ടത്തിൽ കാര്യവിവരവും പുണ്യശുഷ്കാന്തിയുമുള്ളവരെന്നു ഓരോരുത്തനും തോന്നുന്ന ഒരാളിന്റെ പേരു ഒരു തുണ്ടു കടലാസിൽ എഴുതിയിടണം. ഇങ്ങനെ അധികം വോട്ടു കിട്ടുന്ന ആൾ സെക്രട്ടറിയും രണ്ടാമതും മൂന്നാമതും വരുന്നവർ ഒന്നാമത്തേയും രണ്ടാമത്തേയും ആലോചനക്കാരും ആയിരിക്കും— തുല്യമായ വോട്ടുകൾ കിട്ടിയാൽ പ്രായക്കൂടുതൽ ഉള്ളയാൾ തെരഞ്ഞെടുക്കപ്പെട്ടതായി ഗണിക്കപ്പെടണം. പെൺകുട്ടികളുടെ സംഘത്തിലും ഇതുപോലെതന്നെ തെരഞ്ഞെടുപ്പു നടത്തേണ്ടതാകുന്നു.

5. സെക്രട്ടറിയും ആലോചനക്കാരും യോജിച്ചു സംഘകാര്യങ്ങൾ കൃത്യമാ

യി നടത്തണം. സംഘത്തിൽ ഹാജരു വിളിക്കുക, പുസ്തകങ്ങൾ മുതലായവ സൂക്ഷിക്കുക എന്നിവ സെക്രട്ടറിയുടെ പ്രധാന ചുമതലയാകുന്നു. വായനകൾ നടത്തുക, വായിക്കാനുള്ള പുസ്തകങ്ങൾ നിശ്ചയിക്കുക, മുതലായവ ഒന്നാം ആലോചനക്കാരന്റെയും, പാട്ടുകൾ പാടുക, അതിനു അംഗങ്ങളെ തഴക്കുക എന്നിവ രണ്ടാം ആലോചനക്കാരന്റെയും ചുമതലയിൽ പെട്ടതാകുന്നു.

6. ഞായറാഴ്ചതോറും ഉച്ചകഴിഞ്ഞു മുൻകൂട്ടി നിശ്ചയിക്കുന്ന ഒരു വീട്ടിൽവച്ചു അരമണിനേരത്തേക്കു ഒരു കൂട്ടമുണ്ടാകണം. അതിനു മുൻപറഞ്ഞപോലെ കൂടി, പ്രാൎത്ഥനയും പാട്ടും കഴിഞ്ഞു് തലേയോഗത്തിന്റെ നടപടിവിവരം സംക്ഷേപമായി സെക്രട്ടറി എഴുതി വായിച്ചു കഴിയുമ്പോൾ കത്തോലിക്കാ വിശ്വാസത്തിനുപകരിക്കുന്ന നല്ല പത്രമൊ, മാസികയൊ, പുസ്തകമൊ വായിച്ചിട്ടു അരമണിക്കൂറിനകം ആരംഭിച്ച വിധത്തിലുള്ള പ്രാൎത്ഥനയോടും കീൎത്തനത്തോടുംകൂടെ യോഗം അവസാനിപ്പിക്കണം.

7. മാസാദ്യ വെള്ളിയാഴ്ചകളിലും, ദൈവജനനിയുടെ പ്രധാന തിരുനാളുകളിലും, മദ്ധ്യസ്ഥന്മാരുടെ സ്മരണ ദിവസങ്ങളിലും സഭാംഗങ്ങൾ കുമ്പസാരിച്ചു കുർബാന കൈക്കൊള്ളണം.

8. കുഞ്ഞുമക്കളുടെ കുഞ്ഞുസംഘം വകയായി ഒരു കുഞ്ഞുപുസ്തകശാലയുണ്ടായിരിക്കണം. സെക്രട്ടറിയേയും ആലോചനക്കാരേയും തെരഞ്ഞെടുത്തു കഴിഞ്ഞാലുടൻ സെക്രട്ടറി, അവരുടെയും മറ്റു സംഘങ്ങളുടേയും പേരുകൾ "ബ. കൊച്ചച്ചൻ അവർകൾക്കു കൎമ്മലകുസുമം ആപ്പീസു മാന്നാനം" എന്ന മേൽവിലാസത്തിൽ എഴുതി അയക്കേണ്ടതാകുന്നു. ഉടനെ 14 ഗ്രന്ഥാവലിപ്പുസ്തകങ്ങൾ സെക്രട്ടറിയുടെ പേൎക്കു അയച്ചുകൊടുക്കും. അതിൽ രണ്ടു പുസ്തകങ്ങൾ സംഘംവക പുസ്തകശാലക്കു സൂക്ഷിച്ചുകൊണ്ടു പന്ത്രണ്ടെണ്ണം ആളൊന്നു ഒരു പുസ്തകംവീതം രണ്ടുചക്രത്തിനു (ഒന്നേകാൽ അണക്കു) വിറ്റു ഒരാഴ്ചക്കകം പണം സെക്രട്ടറിയെ ഏല്പിക്കണം. അതിൽ നാലണക്കു സെക്രട്ടറി 4 നോട്ടുപുസ്തകങ്ങൾ വാങ്ങി, ഒന്നിൽ സംഘാംഗങ്ങളുടെ പേരുവിവരവും, ഞായറാഴ്ചതോറുമുള്ള സംഘനടപടികളും കുറിക്കയും, അതിനു "സംഘനടപടിപ്പുസ്തകം" എന്നു പേരു കൊടുക്കയും വേണം. "പുസ്തകലിസ്റ്റ്" എന്ന രണ്ടാമത്തെബുക്കിൽ പുസ്തകശാലക്കു കിട്ടുന്ന പുസ്തകങ്ങളുടെ പേരുകളെല്ലാം കൃത്യമായി കുറിക്കണം. ഈ പുസ്തകങ്ങൾ രണ്ടും സെക്രട്ടറിയുടെ കൈവശം ഇരിക്കേണ്ടതും മാസാദ്യഞായറാഴ്ചതോറും ആലോചനക്കാർ രണ്ടുപേരും നോക്കി ശരിയാണെങ്കിൽ ഒടുവിൽ ഒപ്പു വെക്കേണ്ടതുമാകുന്നു. ബാക്കി രണ്ടു പുസ്തകങ്ങളിൽ ഓരോന്നിന്റെയും ഒരു വശത്തു സംഘാംഗങ്ങളുടെ പേരുവിവരവും, സംഘം സംബന്ധിച്ചു വല്ല പ്രത്യേക സംഭവങ്ങളും ഉണ്ടായെങ്കിൽ അതും, മറുവശത്തു പുസ്തകങ്ങളുടെ ലിസ്റ്റും എഴുതി ആലോചനക്കാരുടെ പക്കൽ ഓരോന്നും സൂക്ഷിക്കേണ്ടതാകുന്നു.

9. പുസ്തകങ്ങൾ വിറ്റിട്ടു തല്ക്കാല ചെലവിനു അനുവദിക്കപ്പെടുന്നതൊഴിച്ചു ബാക്കിയുള്ള പണം സെക്രട്ടറി ഉടൻ കൊച്ചച്ചന്റെ പേക്കു് അയക്കേണ്ടതും, അതിൽ രണ്ടണവീതം എല്ലാ തവണയും സംഘം വകയായി ബേങ്കിൽ നിക്ഷേപിക്കുന്നതുമാകുന്നു. ഇങ്ങനെ ഇതു സംഘത്തിന്റെ മൂലധനമായി കിടക്കുന്നതും; വാൎഷികയോഗം മുതലായി അത്യാവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ ഇതിൽനിന്നെടുക്കുന്നതുമാണ്.

10. കൎമ്മലകുസുമവും, ക്രമേണ മറ്റോരോ നല്ല പുസ്തകങ്ങളും പുസ്തകശാല വകക്കു ഓരോ തവണ അയച്ചുകൊടുക്കുന്നതു പ്രത്യേകം സൂക്ഷിക്കേണ്ടതും സംഘാംഗങ്ങൾ എല്ലാവരും വായിക്കേണ്ടതുമാകുന്നു. സംഘത്തിൽ ചേരാത്തവൎക്കു സംഘംവക പുസ്തകങ്ങൾ കൊടുത്തുകൂടാ.

11. സംഘാംഗങ്ങളിൽ വല്ലവരും കൎമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു തക്കതല്ലാത്ത ദുൎമ്മാതൃകായോഗ്യമായ നടപടികൾ തുടങ്ങുന്നതായാൽ സെക്രട്ടറിയും ആലോചനക്കാരും രഹസ്യത്തിൽ അവരോടുപദേശിക്കയും, എന്നിട്ടും ഫലമില്ലെന്നും സംഘത്തിൽനിന്നു തള്ളിക്കളയേണ്ടതാണെന്നും അവൎക്കു തോന്നുന്നപക്ഷം, മൂന്നുപേരുംകൂടെ ഒപ്പിട്ടു ഒരെഴുത്തു വി

വരത്തിന്നു കൊച്ചച്ചന്റെ പേർക്കു അയക്കയും, തള്ളിക്കളയുന്നതിനുതന്നെ തീരുമാനം ഉണ്ടാകുന്നപക്ഷം പിറ്റെ ഞായറാഴ്ചത്തെ യോഗത്തിൽ അതു പരസ്യമായി വായിക്കയും നടപടി പുസ്തകത്തിൽ സംഗതി വിശദമായി കുറിച്ചിടുകയും വേണം.

12. തള്ളിക്കളയപ്പെട്ട ആളിനു പകരം അടുത്ത യോഗത്തിനുമുമ്പ സെക്രട്ടറിഒരാളെ നിയമിച്ചുകൊള്ളേണ്ടതാകുന്നു.

ഇതാ പ്രിയ കുഞ്ഞുങ്ങളെ, കുഞ്ഞുമക്കളുടെ കുഞ്ഞുസഭയുടെ ചട്ടങ്ങൾ. കുഞ്ഞായിരുന്നാൽ എന്തും കയ്യിൽ ഒതുങ്ങും.. അതിനാൽ ഇതു നിങ്ങളിലാരുടെയും കയ്യിൽ ഒതുങ്ങുന്നതാണ്. ഉടനെ നിങ്ങൾ ശ്രമിച്ചുനോക്കുക. ദൈവാനുഗ്രഹത്താൽ നല്ലപോലെ വരികയാണെങ്കിൽ വൈദികാദ്ധ്യക്ഷന്മാരുടെയും മററും ആശീർവ്വാദവും അനുമതിയും വാങ്ങി നമുക്കു കെങ്കേമമായി നടത്തിക്കൊണ്ടുപോകയും ഈ ഡിസംബർമാസത്തിൽതന്നെ ഒരു വാർഷികയോഗം കൂട്ടുകയും ചെയ്യണം. തിരുഹൃദയം നിങ്ങളെ ആശീർവ്വദിക്കട്ടെ.

എന്നു നിങ്ങളുടെ സ്വന്തം

കൊച്ചച്ചൻ

## തിരുഹൃദയ ഭക്തന്മാർ ൧൯൩൦ മിഥുനമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### പരിശുദ്ധാത്മാവിനോടുള്ള ഭക്തി.

വി. പൌലോസ് എഫേസ്യാക്കാർക്കു എഴുതിയലേഖനത്തിൽ "നിങ്ങൾ വാഗ്ദാനത്തിന്റെ ആത്മാവിൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു" എന്നു പറയുന്നു ഈ വാക്യത്തെ വി. അത്തനാസീസു ഇങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്: പരിശുദ്ധാത്മാവ് എന്ന മുദ്ര കൊണ്ടാണ് ദൈവവചനം തന്റെ പ്രതിമയെ മനുഷ്യരിൽ പതിക്കുന്നത്. ഇതിൽനിന്നു വിശദമാകുന്നത് റൂഹാദ്ക്കുദ്ശാതമ്പുരാനോട്ട് സാക്ഷാൽ ഭക്തിയുള്ള വിശ്വാസികളിൽ മ്ശിഹായുടെ ഛായ ഉണ്ടായിരിക്കും എന്നാണല്ലോ. വി. പൌലോസ് സർവ്വാത്മനാ പരിശ്രമിച്ചിരുന്നതു ഈ കാര്യസാദ്ധ്യത്തിനായിട്ടായിരുന്നു. "എന്റെ കുഞ്ഞുങ്ങളെ നിങ്ങളിൽ ഈശോ മ്ശിഹായുടെ പ്രതിമ പതിക്കുന്നതിനു ഞാൻ എത്രയധികം ആഗ്രഹിക്കുന്നു" എന്നു ഈ വിശുദ്ധൻ പലപ്പോഴും പറഞ്ഞുവരാറുണ്ടായിരുന്നു.



ജ്ഞാനസ്നാനം വഴിയായി മ്ശിഹായുടെ ഛായ നമ്മിൽ ഓരോരുത്തരിലും പരിശുദ്ധാത്മാവ് പതിക്കുന്നു. എന്നാൽ നമ്മുടെ പാപങ്ങളാലും പാപത്തിലേക്കുള്ള ദുശ്ചാച്ചില്യകളാലും ഈ പ്രതിമയെ നാം പലപ്പോഴും വിരൂപമാക്കിത്തീർക്കുന്നു. ഈ പ്രതിമ ഭംഗം കൂടാതെ ഇരിക്കുന്നതിനു ദൈവത്തിന്റെ പരിശുദ്ധാത്മാവിനോടു നേരെ തീക്ഷ്ണമായ ഭക്തി നമുക്കുണ്ടായിരിക്കേണം. ഈ ഭക്തിയുടെ ഫലമായി പരിശുദ്ധാത്മാവിന്നു വിരസം വരുത്തുന്നത് എല്ലാം വർജ്ജിക്കുന്നതിനുള്ള അഭ്യാസം നമുക്കുണ്ടാകുന്നു. ഭക്തി എന്നു പറഞ്ഞാൽ ആരോടു ഭക്തിയായിരിക്കുന്നോ ആ ആളിന്റെ ഹിതം അനുസരിച്ചു പ്രവൎത്തിക്കു എന്നാണല്ലോ. റൂഹാദ്ക്കുദ്ശാതമ്പുരാനോടു സാക്ഷാൽ ഭക്തിയുള്ള ക്രിസ്ത്യാനികൾ അവിടുന്നു തരുന്ന നല്ല വിചാരങ്ങളെ ഫലിപ്പിക്കുന്നതിനു സ

ദാ സന്നദ്ധരായി കാണപ്പെട്ടുന്നു. മാത്ര മല്ല, അവിടുത്തേയ്ക്കു അഹിതമായ എല്ലാ തിന്മകളേയും വജ്ജിക്കുന്നതിനു സദാ ഉൽസുകരായിവത്തിക്കയുംചെയ്യുന്നു. ഇങ്ങിനെയുള്ളമനസ്സിൻെറഒരുനിലയാണ് ഈ ശോമ്ശിഹായെ അനുകരിച്ചു ജീവിക്കുന്നവരിൽ കാണപ്പെടേണ്ടതു്. തൻെറ മക്കൾക്കു ഇങ്ങിനെയുള്ള മനസ്സിൻെറ നില ഉണ്ടാകണമെന്നു അത്യധികം ആഗ്രഹിക്കുന്ന തിരുസഭ ഈ മാസം മുഴവനും തിരുഹൃദയ ഭക്തർ ഈ കാൎയ്യസാദ്ധ്യത്തിനായി പ്രാത്ഥിക്കണമെന്നു പ്രത്യേകം ആഗ്രഹിക്കുന്നു. നമ്മുടെ ഏകകോപിച്ചുള്ള പ്രാത്ഥനയുടെ ഫലമായി ലോകമെങ്ങും പരിശുദ്ധാരൂപിയുടെ നേരെയുള്ള ഭക്തി വദ്ധിച്ചു വരുന്നതിനും തദ്വാരാ 'ഭൂമുഖം നവീകരിക്കപ്പെടുന്നതിനും', ഇടവരുന്നതായാൽ ലോകത്തിനു എത്രയൊ ഭാഗ്യം. ആരംഭത്തിൽ ഭീരുക്കളും, ജ്ഞാനവിഹീനരും, ലൌകിക ലാഭേച്ഛുക്കളും, ദൈവശുശ്രൂഷയിൽ അലസന്മാരും ആയിരുന്ന ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ കൈക്കൊണ്ടശേഷം എങ്ങനെ രൂപാന്തരപ്പെട്ടുവെന്നു നാം ഓൎമ്മിക്കണം. ആകയാൽ പരിശുദ്ധാരൂപിയുടെ ദാനങ്ങൾ വഴിയായി ഇപ്രകാരമുള്ള പ്രത്യക്ഷ മാററങ്ങൾ മനുഷ്യവൎഗ്ഗത്തിൽ ഉണ്ടാകുന്നതിന്നായി നാം പ്രാത്ഥിക്കേണ്ടിയിരിക്കുന്നു.

കക്കടകമാസം:— "ഇടവക ജീവിതം."

## വത്തമാന സംഗ്രഹം.

### കേരളം.

മലങ്കരയുടെ മാർ ആഗസ്ലീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും, കുഴ്പ്പാളശ്ശേരി മാർതോമ്മാമെത്രാൻ തിരുമനസ്സുകൊണ്ടും സസുഖം റോമ്മായിൽ എത്തിച്ചേരിക്കുന്നതായി അറിഞ്ഞു സന്തോഷിക്കുന്നു.

കൊല്ലം ആലുവാ റെയിൽവേയുടെ സവ്വേ മിക്കവാറും അവസാനിച്ചിരിക്കുന്നു. ചങ്ങനാശ്ശേരി, പള്ളം, കോട്ടയം, കാരാപ്പുഴ, അതിരമ്പുഴ ഈ ഭാഗങ്ങളിൽ കൂടെയാണു റെയിൽവേ പോകുന്നതെന്നും അവിടങ്ങളിൽ ഓരോ സ്റ്റേഷൻ ഉണ്ടായിരിക്കുമെന്നും കാണുന്നു.

കൊച്ചി, കത്തോലിക്കാസ്കൂൾ മാനേജർമാരുടെ സംഘത്തിൻെറ വാഷികയോഗം ഈ ജൂൺമാസത്തിൽനടക്കുന്നതാണ്.

ലെഫ്ടനൻറു കൎണ്ണൽ മോറിസ്‌വാട്ട്സ് ബി. ഏ, ബാർഅററ്ലാ അവർകളെ തിരുവിതാംകൂർ ദിവാൻജിയായി നിയമിച്ചിരിക്കുന്ന വിവരം മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു് ഒരു പ്രത്യേക വിളംബരം മൂലം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

റവ. ഫാദർ വില്യം ടി. ഒ. സി. ഡി. അവർകൾ ഇക്കഴിഞ്ഞ ബി. ഏ. ഓണേഴ്സു പരീക്ഷയിലും, റവ. ഫാദേഴ്സ് പംക്രാസി, എഡ്‌വാർഡ് ടി. ഒ. സി. ഡി. ഇൻറർ മീഡിയററു പരീക്ഷയിലും വിജയികളായിരിക്കുന്നതിൽ സന്തോഷിക്കുകയും അവരെ അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

കേരളീയ കത്തോലിക്ക വിദ്യാത്ഥിസഖ്യത്തിൻെറ ഒമ്പതാമത്തെ വാഷിക സമ്മേളനം മേയ് ൯, ൧൦ തീയതികളിൽ തൃശ്ശൂർ സെൻറു തോമസ് കോളജ്ജു ഹോളിൽവെച്ചു വളരെ ഭംഗിയായി കഴിഞ്ഞിരിക്കുന്നു. പൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചതു് തൃശ്ശൂർ മെത്രാൻ നി. വ. ദിവ്യശ്രീ മാർ ഫ്രൻസീസ്സോസ് വാഴപ്പിള്ളി തിരുമേനിയായിരുന്നു. സഖ്യത്തിൻെറ സ്ഥിരാദ്ധ്യക്ഷനായി വന്ദ്യ ദിവ്യശ്രീ ഫാദർ ഒനൊറേ എസ്. ജെ. അച്ചർകൾതന്നെ അടുത്ത കൊല്ലത്തേക്കുകൂടി നിശ്ചയിക്കപ്പെട്ടിരിക്കുന്നതു് പ്രത്യേകം പ്രസ്താവ്യമാണ്.

ലണ്ടൻ സവ്വകലാശാലയിൽ ഡി. എസ്. സി. പരീക്ഷയ്ക്കു പഠിച്ചുവരുന്ന ശ്രീമതി തെങ്ങുംമൂട്ടിൽ ത്രേസ്യാമ്മ എം. ഏ. ബി. എസ്. സി. കഴിഞ്ഞ ഈസ്റ്റർ ഒഴിവിനു റോമ്മായിലെത്തി പരിശുദ്ധ പിതാവിനെ സന്ദശിച്ചതായി അറിയുന്നു.

കേരളീയ കത്തോലിക്കമഹാസഭയുടെ വാർഷികസമ്മേളനം മേയ് ൨൫, ൨൬ എന്നീ തീയതികളിൽ തത്തമ്പള്ളിയിൽവെച്ച് റൈററു റവ. മോൺ. പുത്തൂശ്ശേരി അന്തോനി അച്ചൻ അവർകളുടെ ആദ്ധ്യക്ഷതയിൽ വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു.

## ഇൻഡ്യാ.

കഴിഞ്ഞയാഴ്ച ഉണ്ടായ ഒരു കൊടുങ്കാററു നിമിത്തം ഇൻഡ്യയിൽ പലടത്തും ഭയങ്കരമായ നാശങ്ങൾ നേരിട്ടിരിക്കുന്നതായി അറിയുന്നു. പല തീവണ്ടിപ്പാതകൾ മുഴുവൻ നശിക്കയും, അനേകം വ്യവസായശാലകൾ നിലമ്പതിക്കയുമുണ്ടായിട്ടുണ്ട്.

മംഗലപുരം സെമ്മനാരിയിൽ ഡോഗ്മാ പ്രൊഫസറായിരുന്ന റവ. ഫാദർ ജെ. ജ്യോനീനി എസ്. ജെ. അവർകൾ അസ്വാസ്ഥ്യം നിമിത്തം, മേയ് 15-ാംനു- യൂറോപ്പിനു കപ്പൽ കയറിയിരിക്കുന്നു. അദ്ദേഹത്തിൻെറ കനിഷ്ഠസഹോദരനായ ഫാദർ ഡി. ജ്യോനീനി എസ്. ജെ. അവർകളും കൂട്ടത്തിൽ പോയിട്ടുണ്ട്.

കൽക്കട്ടാ മെത്രാപ്പോലീത്താ റോമ്മയിലേക്ക് തിരിച്ചിരിക്കുന്നു. റോമ്മയിൽ രണ്ടാഴ്ചയോളം കഴിച്ചുകൂട്ടിയശേഷം ബൽജിയത്തിൽ രണ്ടുമാസം താമസിക്കുന്നതായിരിക്കും. പകരം ജോലിനോക്കുത്ത് വി. ജനറാൾ മോൺ. ജെ. ഫെർനാൻഡെസ് ആണ്.

## ഇററലി.

പതിനഞ്ചടി നീളമുള്ളതും ഓരോ മണിയും കൈകൊണ്ട് വിചിത്രമായി കടഞ്ഞെടുത്തിട്ടുള്ളതുമായ ഒരു ജപമാല വടക്കേ ഇററലിയിലെ ജനങ്ങൾ പരിശുദ്ധ പിതാവിന്നു സമർപ്പിച്ചിരിക്കുന്നു.

ഗൂഢസംഘങ്ങളെയെല്ലാം ഉന്മൂലനം ചെയ്യുന്നതിലേക്കു മുസ്സോലീനി ഒരു പുതിയ നിയമം പാസ്സാക്കിയിരിക്കുന്നു. മിണ്ടാമാർഗ്ഗക്കാർക്കു ഇതു ഒരു കണ്ടകോടാലിയായിത്തീർന്നിരിക്കയാണ്.

ഭാഗ്യപ്പെട്ട കൊച്ചുത്രേസ്യായെ പുണ്യവതി എന്നു നാമകരണം ചെയ്ത ദിവസത്തെ ചടങ്ങുകൾ വി. പത്രോസിൻെറ ദേവാലയത്തിൽ വളരെ കേമമായി കഴിഞ്ഞുകൂടി. മാർപ്പാപ്പായാൽ നടത്തപ്പെട്ട പ്രസ്തുതാഘോഷങ്ങൾ ആറു മണിക്കൂറോളം ദീർഘിച്ചു. ദേവാലയത്തിൽ അറുപതിനായിരം ജനങ്ങളോളം സന്നിഹിതരായിരുന്നു. പ. പിതാവിൻെറ സ്വരം അകലെ നിന്നിരുന്നവരും കേൾക്കുവാനായി ഒരു വൈദ്യുത യന്ത്രം ദേവാലയത്തിൽ സ്ഥാപിതമായിരുന്നു. ഈ മാതിരി യന്ത്രത്തിനു വി. പത്രോസിൻെറ ദേവാലയത്തിൽ പ്രവേശം ലഭിച്ചത് ആദ്യമായിട്ടാണെന്നുള്ളതു പ്രസ്താവ്യമാണ്. ദേവാലയവും പരിസരപ്രദേശങ്ങളും ദീപപ്രകാശത്താൽ പ്രശോഭിതങ്ങളാക്കിച്ചെയ്തിരുന്നു.

മെയ് 21-ാംനു- പ. പിതാവ് പത്രോസ് കനീസ്യൂസ് എന്ന ഭാഗ്യവാനെ വിശുദ്ധനെന്നു നാമകരണം ചെയ്തു.

മെയ് 18-ാംനു- തൂത്തുക്കുടി മെത്രാൻ മാർപ്പാപ്പായെ സന്ദർശിച്ചതായി റൂട്ടറിൻെറ കമ്പിയിൽ കാണുന്നു.

## ഇംഗ്ലണ്ട്.

ബോംബെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഇംഗ്ലണ്ടിൽ പല സ്ഥലങ്ങൾ സന്ദർശിച്ചുവരുന്നതായും തിരികെപ്പോരുന്ന അവസരത്തിൽ ഒരിക്കൽ കൂടെ റോമ്മയിൽ കയറുന്നതാണെന്നും അറിയുന്നു.

ഇൻഡ്യാ വൈസ്രോയിയുടെ സഹോദരനായ മി. ജഫ്രെ ഐസക്ക് ഈയിടെ കത്തോലിക്കാസഭയിൽ പ്രവേശിച്ചു നിഷ്ണാതനായതായി അറിയുന്നു.

## പലവക.

കഴിഞ്ഞ കൊല്ലം അമേരിക്കയിൽ 94,241 കത്തോലിക്കർ വർദ്ധിച്ചിരിക്കുന്നു.

ഈശോസഭക്കാരുടെവകയായ ലോവെയിൻ പുസ്തകശാലയിൽ 166,850 പുസ്തകങ്ങളുള്ളതായി കണക്കെടുത്തിരിക്കുന്നു.

വിശുദ്ധ വത്സര ചടങ്ങുകളിൽ സംബന്ധിക്കുവാനായി ചൈനായിലെ ഒന്നാമത്തെ പ്രീഫെക്ററ് അപ്പസ്തോലിക്കമാരായ മോൺ. റെറക്കെൻഗ്, മോൺ. സോൻ എന്നിവർ ചൈനാക്കാരായ 600 സ്ത്രീപുരുഷന്മാർ സമേതം റോമ്മായിലേക്കു പുറപ്പെട്ടിരിക്കുന്നു.

# മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

മാർ അന്തോനീസിന്റെ സ്ഹായത്താൽ എന്റെ സഹോദരൻ സ്കൂൾ ഫൈനൽ പരീക്ഷയിൽ വിജയിയായതിനു ഉപകാരസ്മരണ.

യു. കെ. എം. ഇടക്കുളം.

തിരുഹൃദയകാരുണ്യത്താലും വി. അന്തോനീസിന്റെയും കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാലും കാണാതെ പോയസാധനം തിരിച്ചുകിട്ടിയതിനും, കടൽക്ഷോഭം കൂടാതെ സാമാനം കപ്പലിൽ കയററിയതിനും ഉപകാരസ്മരണ. വി. സി ജെ. ആലപ്പുഴ.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ സെമ്മിനാരി പ്രവേശനം സിദ്ധിച്ചതിനു ഉപകാരസ്മരണ.

ജെ. ഐ. കുറവിലങ്ങാട്ട.

മാന്നാനത്തു വി. അന്തോനീസിന്റെ പ്രത്യേക സഹായത്താൽ എന്റെ കുട്ടിയുടെ നാവിന്റെ അപകടം നീങ്ങിയതിനു് ഉപകാരസ്മരണ.

കെ. കെ. മാന്നാനം.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ എന്റെ മകന്റെ താടിയിലെ സുഖക്കേടനീങ്ങി കിട്ടിയതിനു ഉപകാരസ്മരണ. പി. സി. സി. മുഹമ്മ.

എന്റെ കുട്ടിയുടെ അപകടരോഗം നീങ്ങികിട്ടിയതിനു ഉപകാരസ്മരണ. ടി ജെ. ആർ.

എന്റെ ഭാര്യക്കു തുടരെ ബാധിച്ചുകൊണ്ടിരുന്ന സുഖക്കേട വി. അന്തോനീസിന്റെ സഹായത്താൽ ഭേദപ്പെട്ടതിനു ഉപകാരസ്മരണ.

എൻ. എഫ്. ഡി. നീലാൽ.

ലൂർദ് മാതാവിന്റെയും മാർ അന്തോനീസിന്റെയും സഹായത്താൽ പരീക്ഷയിൽ ജയം പ്രാപിച്ചതിനു.

എം. സി. ചങ്ങനാശ്ശേരി.

പറപ്പൂക്കര മാർ യോഹന്നാൻ നെപ്പുംസ്യാനോസിന്റെ മനോഗുണത്താൽ ലഭിച്ച സഹായങ്ങൾക്കു.

എം. കെ. പി. പറപ്പൂക്കര.

മനസ്സറിയാതെ വന്ന ഒരു കേസു് വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ നീങ്ങിയതിനുപകാരസ്മരണ.

സി. ജെ. ചിറക്കടവു.

സ്ലീവാപ്പാത വഴിയും മാർ അന്തോനീസിനോടുള്ള അപേക്ഷകൊണ്ടും പിശാചിന്റെ ഉപദ്രവം നീങ്ങിക്കിട്ടിയതിനു്. സി. എ. ഇ. ചങ്ങനാശ്ശേരി.

ഉദ്യോഗസംബന്ധമായ ഒരു റിപ്പോർട്ടു കാരണം ആപത്തിലിരിക്കുന്ന എനിക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

എൻ. എക്സ്. പി. സിലോൺ.

എന്റെ വീട്ടിൽ ബാധിച്ചിരുന്ന എരിമൂട്ടയുടെ ഉപദ്രവം കരിമണ്ണൂർ മാർ അന്തോനീസിന്റെ സഹായത്താൽ നീങ്ങിയതിനു ഉപകാരസ്മരണ.

കെ. ജെ. സി. തൊടുപുഴ.

# ചരമവാർത്ത

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പാലാ തിരുഹൃദയമഠത്തിൽ ബ. സഹോദരി ലൂയീസാ കുംഭം 6–ാംനു- 28 വയസ്സു.

കോതമംഗലം ഇടവക പീച്ചാട്ടു ശ്രീമതി ഏലീശാ മീനം 20-ാംനു- 22 വയസ്സു.

പൂഞ്ഞാററിടവക തോട്ടക്കര ശ്രീമതി അന്നമ്മ ഇടവം 14–ാംനു- 43 വയസ്സു.

ഇലഞ്ഞിപ്പള്ളി ഇടവക പുളിക്കിയിൽ ബ. ഗീവറുഗീസച്ചൻ അവർകളുടെ മാതാവു ഏപ്രിൽ 9–ാംനു- 95 വയസ്സ്.

പുല്ലിച്ചിറാപ്പള്ളിയിടവക പറങ്കയഴകത്തു പുത്തൻവീട്ടിൽ സേവ്യർ സോളമൻ കഴിഞ്ഞമാസം 27നു- 33 വയസ്സു.

റോമയിൽ പ്രൊപ്പഗാന്ത കോളജിൽ പഠിക്കുന്ന കാപ്പിൽ ബ. കുര്യാക്കോസ് ശ. പി. എച്ച്. ഡി. അവർകളുടെ മാതാവ് ശ്രീമതി മറിയാമ്മ മേ 19–ാംനു- ചൊവ്വാഴ്ച.

# പഞ്ചാംഗം

എപ്പക്കത്തി ൭. ൧൮൩൨ ഞായറാഴ്ച അക്ഷരം . ൯

## ൧൯൨൫ ജൂൺ — ൧൧൦൦ ഇടവം — മിഥുനം.

ന ക തിരുഹൃദയവണക്കമാസം.

| | | | | | |
|---|---|---|---|---|---|
| 1 | 19 | തി | (✠) പന്ത. എം. ന. കു. എം. | | ച്യു. |
| 2 | 20 | ചൊ | (✠) പന്ത. എം. ന. കു. എം. | | ച്യു. |
| 3 | 21 | ബു | (✠) പന്ത. എം. ന. കു. എം. (പട്ടം) ഇ. വി. | | ച്യു. |
| 4 | 22 | വ്യാ | പന്ത. എം ന. കു. എം. | | ച്യു. |
| 5 | 23 | വെ | പന്ത. എം. ന. കു. എം. (പട്ടം) | | ച്യു. |
| 6 ◑ | 24 | ശ | പന്ത. എം. ന. കു. എം. (പട്ടം) | | ച്യു. |
| | | | പെസഹാക്കാലംതീൎന്നു ഇന്നുവൈകിട്ടു കൎത്താവിന്റെമാലാഖാചൊല്ലുന്നു. | | |
| 7 | 25 | ഞാ | ✠ പന്ത. ൧-ാം ത്രിത്വം ന ആ. കു വെ. | [illegible] | വെ. |
| | | | ☞ അടുത്ത വ്യാഴം തിരുനാൾകടം. | | |
| 8 | 26 | തി | വേ. മർച്ചെലീനോ കൂട്ട. ന. ആ. കു. വെ. (ഈ. ൨) | | ച്യു. |
| 9 | 27 | ചൊ | വേ. പ്രീമോ. കൂട്ട. ന. ആ. കു വെ. | | ച്യു. |
| 10 | 28 | ബു | † മർഗ്ഗരീത്താ രാജ്ഞി ന. ആ. കു. വെ | | വെ. |
| | | | തിരുഹൃദയ നവനാൾ തുടങ്ങുന്നു. | | |
| 11 | 29 | വ്യാ | ✠ വിശുദ്ധ കുബ്ബാന. ന. കു. വെ. | | വെ. |
| | | | എട്ടു ദിവസത്തേക്കു തിരുനാൾകുബ്ബാനമാത്രം അനുവദിക്കപ്പെടുന്നു. | | |
| | | | പ്രേതം വച്ചുകൊണ്ടുള്ളതു ഇന്നുമാത്രം മുടക്കപ്പെടുന്നു. | | |
| 12 | 30 | വെ | ശുദ്ധ കുബ്ബാന. എം. ന. കു. വെ. | | വെ. |
| 13 | 31 | ശ | ശുദ്ധ കുബ്ബാന എം. ന. കു. വെ. | | വെ. |
| 14 | 1 | ഞാ | ✠ പന്തക്കു. ൨-ാം. ന. കു. ആ. | [illegible] | വെ. |
| 15 | 2 | തി | ശുദ്ധ കുബ്ബാന. എം. ന. കു. വെ. | | വെ. |
| 16 | 3 | ചൊ | ശുദ്ധ കുബ്ബാന. എം. ന കു. വെ. | | വെ. |
| 17 | 4 | ബു | ശുദ്ധ കുബ്ബാന എം. ന. കു. വെ. | | വെ. |
| 18 | 5 | വ്യാ | ശുദ്ധ കുബ്ബാന എട്ടാം. ന. കു. വെ | | വെ. |
| 19 | 6 | വെ | † ന. ക. തിരുഹൃദയം ന. ആ. കു. വെ. | * [illegible] (* [illegible]) | വെ. |
| 20 | 7 | ശ | പാ. വേ. സിൽവേരി. ന. ആ. കു. വെ. | | ച്യു. |
| 21 ● | 8 | ഞാ | ✠ പന്ത ൩-ാം. ന. കു. ആ. († ക. മാ. തി ഹൃ. വെ.) | [illegible] | വെ. |
| | | | ☞ അടുത്ത ചൊവ്വാ ഇ വി. | [illegible] (* [illegible]) | |
| | | | ന. ക. തിരുഹൃദയത്തിരുനാൾ ചെത്തിപ്പുഴ, തേവര കൊവേന്തകൾ. | | |
| 22 | 9 | തി | അ. മൗ. പൗളീനോസ്. ന. ആ. കു. വെ. | | വെ. |
| 23 | 10 | ചൊ | സ്ഥാപകയോഹ. തലെ. ന. ആ. കു. തലെ. ഇ. വി. | | റോ. |
| 24 | 11 | ബു | (✠) യോഹന്നാൻ മാംദാനാ. പിറവി. ന. കു. വെ. | | വെ. |
| | | | വടകര, തേടംകന്നം ഈ പള്ളികളിൽ തിരുനാൾ. | | |
| 25 | 12 | വ്യാ | † അബ്ബാ. ഗ്ലലിയേൽമോസ്. ന. ആ. കു. വെ. | | വെ. |
| 26 | 13 | വെ | വേ. യോഹന്നാനും കൂട്ട. ന. ആ കു. വെ. | | ച്യു. |
| 27 | 14 | ശ | (✠) ശ്ലീ. ബൎന്നബാ. ന. കു. വെ. ഈ. ൧൧. | | ച്യു. |
| 28 | 15 | ഞാ | ✠ പന്ത. ൪-ാം. ന. കു. ആ. | [illegible] | ച. |
| | | | ☞ നാളെയും അടുത്ത വെള്ളിയും കടം. | | |
| 29 | 16 | തി | ✠ ശ്ലീ. പത്രോസും പൗലോസും. ന. കു. വെ. | | ച്യു. |
| | | | എലഞ്ഞിപ്പള്ളിയിൽ മൎന്നത്തിരുനാൾ. | | |
| 30 | 17 | ചൊ | ശ്ലീ. പൗലോസ് ന. കു. വെ. | | ച്യു. |

Printed and published for the Proprietor by P. K. Joseph, at the
St. Joseph's Press, Mannanam. 1925.

# ഇതു വായിക്കുന്നില്ലേ?

---

## പ്രതിമാസം മുപ്പതു സമ്മാനങ്ങൾ.

## നസ്രാണിദീപികയുടെയും കർമ്മലകുസുമത്തിന്റെയും വരിക്കാൎക്ക്.

വി. പി. രജിസ്റ്റർ ഏൎപ്പാടുനിമിത്തമുള്ള അനാവശ്യനഷ്ടം ഞങ്ങളുടെ മാന്യവരിക്കാൎക്ക് നേരിടാതിരിക്കുന്നതിലേക്കു സൌകൎയ്യപ്രദമായ മണിയോർഡർ ഏൎപ്പാട് പാടുപോലെ നടപ്പിൽ വരുത്തുന്നതിന് ഞങ്ങൾ ശ്രമിച്ചുവരികയാണ്. മാന്യജനങ്ങളുടെ സഹകരണം ഈ വിഷയത്തിൽ ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുന്നു. മണിയോർഡറായി വരിപ്പണം അയക്കുന്ന മാന്യവരിക്കാൎക്കു പ്രതിമാസം താഴെപ്പറയുന്ന മുപ്പതു സമ്മാനങ്ങൾ നല്കുന്നതിന് തീർച്ചപ്പെടുത്തിയിരിക്കുന്നു.

### സമമാന വിവരം.

### "നസ്രാണിദീപിക."

### I. കുടിശ്ശികക്കാൎക്ക്.

കുടിശ്ശികവകയിൽ മണിയോർഡറായി അയക്കുന്ന ഓരോ മൂന്നു രൂപായ്ക്കും ഓരോ നറുക്കുവീതം മാസാവസാനത്തിൽ ചിട്ടിയിട്ടു അതാതുമാസത്തിൽ ആ വക പിരിഞ്ഞുവരുന്ന തുകയിൽ നൂറുറുക 15 വീതംകൊണ്ടു പത്തു തുല്യസമ്മാനങ്ങൾ നല്കപ്പെടും.

### II. ടി. തന്നാണ്ടു വരിപ്പണം വകയിൽ പഴയ വരിക്കാൎക്ക്

തന്നാണ്ടു വരിപ്പണം വകയിൽ മണിയോർഡറായി അയക്കുന്ന ഓരോ മൂന്നു രൂപായ്ക്കും ഓരോ നറുക്കുവീതം ചിട്ടിയിട്ടു മാസാവസാനം ആ ഇനത്തിൽ പിരിവുള്ളതിൽ നൂറുറുക 15 വീതംകൊണ്ടു പത്തു തുല്യസമ്മാനങ്ങൾ.

### III. ടി. പുതിയ വരിക്കാൎക്ക്.

പുതുതായി ചേൎന്ന് വരിപ്പണം വകയിൽ മണിയോർഡറായി അയക്കുന്ന ഓരോ മൂന്നു രൂപായ്ക്കും ഓരോ നറുക്കുവീതം ചിട്ടിയിട്ടെടുത്തു് മാസാവസാനത്തിൽ ആ വക പിരിവിൽ നൂറുറുക 15 വീതം കൊണ്ടു് തുല്യമായ വേറെ പത്തു സമ്മാനങ്ങൾ.

കർമ്മലകുസുമത്തിനും മാസംതോറും ഇപ്രകാരംതന്നെ 30 സമ്മാനങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കുസുമത്തിന് മണിയോർഡർ അയക്കുന്ന ഓരോ രൂപായ്ക്കും ഓരോ നറുക്കുവീതം ഇടുന്നതാണ്. കുസുമം വക പുതിയ വരിക്കാൎക്കുള്ള സമ്മാനം ജൂലൈ 16-ാംനു വരെയുള്ള വരവ് കുസുമമത്സരം മെഡൽവകയ്ക്കു ഉപയോഗിക്കുന്നതാണ്.

മാനേജർ, 'നസ്രാണിദീപിക', മാന്നാനം.

---

## വരാപ്പുഴ പത്യാല.

നി. വ. ദിവ്യശ്രീമാന്മാരായ കേരളത്തിലെ മെത്രാന്മാരുടെയും വന്ദ്യവൈദികന്മാരുടെയും മാന്യമഹാജനങ്ങളുടെയും പ്രശംസക്കും തൃപ്തിക്കും പാത്രീഭവിച്ചിട്ടുള്ള പുരാതന ചിത്രവേലക്കാരായ ഞങ്ങൾ പൊതുജനങ്ങളുടെ സൌകൎയ്യത്തെ ഉദ്ദേശിച്ചു് വന്ദ്യവൈദികരുടെ താല്പൎയ്യപ്രകാരം ചങ്ങനാശേരി മെത്രാസനപ്പള്ളിക്കു സമീപം ഒരു ബ്രാഞ്ചാപ്പീസ് തുറന്നു പണികൾ നടത്തിവരുന്നു. ഇവിടെ കൊത്തുരൂപങ്ങൾ, അൾത്താരകൾ ആദിയായ സകലവിധ വേലകളും, തങ്കം, ചായം ഇവ ഭംഗിയായിട്ടും മിതമായവിലയ്ക്കും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽ വിവരമറിയേണ്ടവർ മറുപടിക്കു സ്റ്റാമ്പുസഹിതം എഴുതുക.

മർസ്സലീൻ പത്യാല, മാനേജർ, ബ്രാഞ്ചാഫീസ്,

ജെ. ജോസഫ് പത്യാല ആൻഡ് സൺസ്. ചങ്ങനാശേരി.

പുതിയ വരവു്, വില വളരെക്കുറവു്.

# പി. പാപ്പിക്കമ്പനി, മാന്നാനം.

| ചെനാപ്പട്ടു നീളം വളയം | | | Rs. | As. | P. |
|---|---|---|---|---|---|
| ൧-ാം ചരടു കൂവു നീളം വളയം | 1ക്ക | | 0 | 13 | 0 |
| ൨-ാം " പിരിച്ചതു | ൨ | " | 0 | 12 | 0 |
| ൩-ാം " | ൨ | " | 0 | 9 | 0 |
| ൪-ാം " | ൧ | " | 0 | 4 | 0 |
| ൧-ാം കമ്പി | ൧ | " | 0 | 2 | 0 |
| ൨-ാം " | ൧ | " | 0 | 3 | 0 |
| ൩-ാം " | ൧ | " | 0 | 4 | 0 |
| ൪-ാം " | ൧ | " | 0 | 4 | 6 |
| ആക്കമുടി വളയം | ൧ | " | 0 | 10 | 0 |
| അല്പുസ് ൧-ാംതരം | ൧ | " | 0 | 6 | 0 |
| ടി. ൨-ാംതരം | ൧ | " | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | " | 0 | 2 | 6 |
| പെന്തി. (Bridge) | ൧ | " | 0 | 2 | 6 |
| ആണി. (Screw) | ൧ | " | 0 | 2 | 6 |
| ചരസ്സുവാൾ | ൧ | " | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. ൩. (മുട്ടഭാഷ) ഡസൻ | 1ക്ക | | 0 | 1 | 2 |
| നമ്പ്ര 1 സെൻറു ജോസഫ് | " | " | 0 | 1 | 9 |
| 1251 ഇത്താല്യൻ കാശു | " | " | 0 | 3 | 6 |
| 50 വി. കുർബാന. | " | " | 0 | 12 | 0 |
| 53 തിഹൃദയം | " | " | 0 | 12 | 0 |
| 53 ടി. | " | " | 0 | 13 | 6 |
| 131 തിരുഹൃദയം. | " | " | 0 | 3 | 6 |
| 6434 " | " | " | 0 | 12 | 0 |
| 8 സൊഡാലിററി. | " | " | 1 | 0 | 0 |

## അലൂ. വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ 1ക്ക | " | 0 | 4 | 6 |
| 234 കക്കടവൃത്തം. | " | 0 | 4 | 6 |
| 331 നീണ്ടഭാഷ | " | 0 | 5 | 0 |
| 337 വൃത്തം. | " | 0 | 5 | 0 |
| 338 വൃത്തം. | " | 0 | 8 | 0 |
| 7030 ചതിര എരട്ടത്തട്ടു ചെറുതു് | | 0 | 6 | 6 |
| 325 കക്കടവൃത്തം. | " | 0 | 8 | 0 |
| 324 കരിശുഭാഷ. | " | 0 | 6 | 6 |
| 7023 ചതിര ഒററത്തട്ടു. | " | 0 | 10 | 0 |
| 7231 ചതുര എരട്ടത്തട്ടു വലുതു് | " | 0 | 12 | 0 |
| 399 നക്ഷത്ര ഭാഷ. | " | 0 | 13 | 6 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ടു | " | 0 | 13 | 6 |
| 398 കരിശാകൃതി. " | ൧ക്ക | 0 | 10 | 0 |
| 389 ചങ്കുഭാഷകാശു " | ൧ക്ക | 0 | 5 | 0 |

## പളുങ്കുകാശുരൂപങ്ങൾ.

| | | | | |
|---|---|---|---|---|
| ൧-ാം തരം ഡസ്സൻ 1 ക്ക | | 5 | 0 | 0 |
| കാശു ൨-ാംതരം ഡസൻ | ൧ക്ക | 3 | 12 | 0 |
| ടി. ൩-ാംതരം " | ൧ക്ക | 3 | 6 | 0 |
| ടി. ൪-ാംതരം " | ൧ക്ക | 2 | 10 | 0 |
| ടി. ൫-ാംതരം " | ൧ക്ക | 1 | 14 | 0 |

## കുരിശുകൾ.

| | | | | |
|---|---|---|---|---|
| അലൂ: കരിശു $5\frac{1}{4}$" ഡസൻ | | 10 | 8 | [illegible] |
| ടി " $4\frac{3}{4}$ " " | 1ക്ക | 7 | 8 | 0 |
| ടി " $2\frac{1}{4}$ " " | 1ക്ക | 2 | 10 | 0 |
| ടി. " $1\frac{3}{4}$ " " | 1ക്ക | | 14 | [illegible] |
| ചീനവെള്ളി " " | 1ക്ക | 0 | 1 | 9 |
| 389 പുള്ളിക്കൊന്ത " | 1ക്ക | 3 | 10 | 0 |
| 233 ഉരുക്കുകെട്ടു് " | 1ക്ക | 2 | 14 | 0 |
| 390 ാംനമ്പ്രപുള്ളിക്കൊന്ത " | 1ക്ക | 4 | 0 | 0 |

## പടങ്ങൾ.

| | | | | |
|---|---|---|---|---|
| 810 റാലിപ്പും നഫിസ്. പടം. ഡ. | | 1 | 8 | [illegible] |
| ടി ജർമ്മൻ പടം | " | 1 | 12 | 0 |
| 13 17 ടി ടി | " | 4 | 14 | 0 |
| 16×20 ടി ടി | " | 6 | 6 | 0 |
| പ്രാർത്ഥനപ്പുസ്തക സയിസു പടങ്ങൾ | " | 0 | 4 | |
| ടി ടി 100-ക്ക | | 2 | 0 | 0 |
| 240 പടമുള്ള പാളിപ്പടംപള്ളി ക്ക | | 1 | 14 | 0 |

## പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ട ചരിത്രം | 1ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | " | 0 | 5 | [illegible] |
| 3 കൊച്ചുത്രേസ്യാ ചരിത്രം | | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | | 0 | 8 | 0 |
| 6 ജ്ഞാനനെ ന്ദശ്ശൽ അമ്മാന | | 0 | 8 | 0 |
| 7 പുത്തൻ പാന | | 0 | 4 | 6 |
| 8 ശുദ്ധീകരവണക്കം | | 0 | 13 | 6 |
| 9 നിത്യാരാധന | | 2 | 0 | 0 |
| 10 പീയൂഷസംഗ്രഹം | | 0 | 10 | 0 |
| 11 തിരുഹൃദയവണക്കം | | 0 | 10 | 0 |
| 12 അത്ഭുതലീലാപുഷ്പം | | 0 | 4 | 0 |
| 13 കുടുംബപ്രതിഷ്ഠ | | 0 | 2 | 0 |
| 14 ദേവമാതാവിൻ വണക്കം | | 0 | 13 | 6 |
| 15 ടി. ക്രൂട്ടിക്കത്തിയതു്. | | 1 | 6 | 0 |

**P. Pappy & Co.,**
Mannanam, Travancore